# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 13 വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ - 285)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | : 2968 മുതൽ 3154 വരെ |
| ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : 3155 മുതൽ 3187 വരെ |
| എക്സൈസും തുറമുഖവും വകുപ്പുമന്ത്രി | : 3188 മുതൽ 3213 വരെ |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : 3214 മുതൽ 3252 വരെ |

### രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജി

2968 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയെ ദേശീയ ഗവേഷണ കേന്ദ്രമാക്കി ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതിലേക്കായി പാർലമെന്റിൽ നിയമം കൊണ്ടുവരുന്ന കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) കേന്ദ്രം ഇത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടോ;

(ഡി) സെന്ററിന്റെ കാമ്പസ് വികസനത്തിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>സ്റ്റുഡന്റ്സ് പോലീസ് പദ്ധതി</u>

2969 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥി പോലീസിംഗ് എത്ര സ്ഥലങ്ങളിൽ നടപ്പാക്കിവരുന്നു;

(ബി) എത്ര വിദ്യാർത്ഥികൾ ഇതുവരെ വിദ്യാർത്ഥി പോലീസിംഗിൽ ചേർന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഇനി എത്ര സ്ഥലങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സ്റ്റുഡന്‍സ് പോലീസ് കേഡറ്റിന് ആനുകൂല്യങ്ങള്‍</u>

2970 ശ്രീ. വി. പി. സജീന്ദ്രന്‍
,, ഹൈബി ഈഡന്‍
,, എ. പി. അബ്ദുള്ളക്കുട്ടി
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്റ്റുഡന്‍സ് പോലീസ് കേഡറ്റില്‍ അംഗങ്ങളായി ചേര്‍ന്ന് വിജയകരമായി പരിശീലനം പൂര്‍ത്തിയാക്കിയവര്‍ക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നല്‍കാന്‍ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വിജയകരമായി പരിശീലനം പൂര്‍ത്തിയാക്കുന്നവര്‍ക്ക് എന്‍. സി. സി.ക്ക് തുല്യമായ ആനുകൂല്യം നല്‍കുന്ന കാര്യം പരിഗണിക്കുമോ;

(സി) പുതിയതായി ചേര്‍ന്ന എസ്. പി. സി.കള്‍ക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്യാന്‍ ഉദ്ദേശിക്കുന്നുണ്ടോ; ഇവര്‍ക്ക് ഉന്നത വിദ്യാഭ്യാസത്തിനും സര്‍ക്കാര്‍ സര്‍വ്വീസില്‍ പ്രവേശിക്കുമ്പോഴും എന്‍. സി. സി.ക്ക് തുല്യമായ പരിഗണന ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എസ്. പി. സി. പരിശീലകരായ പോലീസുകാര്‍ക്ക് എന്തെങ്കിലും ആനുകൂല്യം നല്‍കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ക്രമീകരണങ്ങൾ</u>

2971 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്ക് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എല്ലാ പട്ടണങ്ങളിലും ദിവസേന ചില പ്രത്യേക സമയങ്ങളിൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് വിലയിരുത്തിയിട്ടുണ്ടോ;

(സി) വാഹനങ്ങളുടെ വർദ്ധനവിന് ആനുപാതികമായി റോഡ് സൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) വലിയ പട്ടണങ്ങളിലേക്ക് തിരക്കുള്ള സമയങ്ങളിൽ കൂടുതൽ സ്വകാര്യ വാഹനങ്ങൾ പ്രവേശിക്കുന്നത് നിയന്ത്രിക്കാനും തിരക്കുള്ള സമയത്ത് വലിയ വാഹനങ്ങളെ നിർത്തിയിടാനും നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷാ പദ്ധതി</u>

2972 ശ്രീ. കെ. ശിവദാസൻ നായർ
'' വർക്കല കഹാർ
'' വി. ഡി. സതീശൻ
'' ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷാ പദ്ധതിയ്ക്ക് അന്തിമരൂപം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) എന്തെല്ലാം അത്യാധുനിക സംവിധാനങ്ങളാണ് സുരക്ഷാ പദ്ധതിയ്ക്കുവേണ്ടി ഉപയോഗിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിന് എത്ര കോടി രൂപ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) കരയിലും, കടലിൽ നിന്നുമുള്ള ആക്രമണങ്ങൾ തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് കൈക്കൊള്ളുന്നത് ;

(ഇ) ഇതിന് ഉപഗ്രഹ നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ
നടത്തിയ ഡൽഹി ദൗത്യം

2973

ശ്രീ. ജോസഫ് വാഴക്കൻ
,, കെ. അച്ചുതൻ
,, ഷാഫി പറമ്പിൽ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ഡൽഹി ദൗത്യം വിജയകരമാണെന്ന് കരുതുന്നുണ്ടോ; ഏതെല്ലാം പദ്ധതികളാണ് കേന്ദ്ര ഗവൺമെന്റുമായി ചർച്ച നടത്തിയത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ സമീപനം എന്തായിരുന്നു; എന്തെല്ലാം കാര്യങ്ങളാണ് ഈ ദൗത്യം വഴി നേടിയെടുത്തത്; ഇനിയും ഇത്തരം ദൗത്യം നടത്താൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ വിദേശപര്യടനം</u>

2974 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ.കെ. നാരായണൻ
,, പുരുഷൻ കടലുണ്ടി
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശ പര്യടനം നടത്തിയ മന്ത്രിമാരോടൊപ്പം ഔദ്യോഗിക ആവശ്യാർത്ഥം യാത്ര ചെയ്തവർ ആരൊക്കെ; സ്വകാര്യ ആവശ്യാർത്ഥം യാത്ര ചെയ്തവർ ആരൊക്കെ; കുടുംബാംഗങ്ങൾ ആരൊക്കെയായിരുന്നു;

(ബി) ഔദ്യോഗികമായ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; വിദേശത്തുനിന്നുള്ള ക്ഷണം സ്വീകരിച്ചുപോയവരെത്ര; ക്ഷണം ആരുടേതായിരുന്നു;

(സി) വിദേശമന്ത്രാലയത്തിൽ നിന്നും അനുമതി എല്ലാവർക്കും ലഭിച്ചിട്ടുണ്ടോ;

(ഡി) ഓരോ മന്ത്രിക്കും അനുഗമിച്ചവർക്കും ചെലവായ മൊത്തം തുക എത്രയാണ്;

(ഇ) എന്തെല്ലാം ഔദ്യോഗിക കാര്യങ്ങളിൽ, ഏതെല്ലാം രാജ്യങ്ങളിൽ ആരെല്ലാമായി ചർച്ച ചെയ്യുകയുണ്ടായി; ഏതെല്ലാം കാര്യങ്ങളിൽ എന്തെല്ലാം ധാരണകളിലെത്തിയിട്ടുണ്ട്?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

ഗവൺമെന്റ് പ്ലീഡർമാരുടെ നിയമന മാനദണ്ഡങ്ങൾ

2975 ശ്രീ.ജി. സുധാകരൻ
,, എ. എം. ആരിഫ്
,, എ. പ്രദീപ്കുമാർ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതിയിൽ ഗവൺമെന്റ് പ്ലീഡർമാരെയും,പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിനെയും നിയമിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ബി) ഈ സർക്കാർ ഇതിനകം നിയമനം നടത്തിയ ഗവൺമന്റ് പ്ലീഡർമാരെയും, പ്രൊസിക്യൂഷൻ ഡയറക്ടർ ജനറലിനേയും സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം രീതിയിൽ നിയമനം ലഭിച്ചവർ കോടതികളിൽ സർക്കാരിനുവേണ്ടി വാദിക്കുമ്പോൾ സംഭവിക്കുന്ന ഭവിഷ്യത്തുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ഡി) എങ്കിൽ നിയമ വ്യവസ്ഥകളും മാനദണ്ഡങ്ങളും ലംഘിച്ചുകൊണ്ട് നടന്ന നിയമനങ്ങൾ പുന:പരിശോധിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

പദ്ധതികള്‍ സമയബന്ധിതമായി പൂര്‍ത്തികരിക്കുന്നതിന് നട പടി

2976 ശ്രീ.മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്രത്തിനുമുന്നില്‍ സമര്‍പ്പിച്ച പദ്ധതികള്‍ നേടിയെടുക്കുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളത് ; അത് എത്രത്തോളം പ്രയോജനം ചെയ്തു എന്ന് വിശദമാക്കുമോ ;

(ബി) നേടിയെടുത്ത പദ്ധതികള്‍ സമയബന്ധിതമായി പൂര്‍ത്തീകരിക്കുന്നതിനും കൂടുതല്‍ പദ്ധതികള്‍ നേടിയെടുക്കുന്നതിനും എന്തെല്ലാം തുടര്‍ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

സായാഹ്ന കോടതികൾക്ക് മാത്രാമയി ജീവനക്കാരെ നിയമിക്കാൻ നടപടി

2977 ശ്രീ. എ.എ. അസീസ്
'' കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സായാഹ്ന കോടതികൾ എവിടെയെല്ലാമാണ് നിലവിലുള്ളത്;

(ബി) സായാഹ്ന കോടതികളിലെ പ്രെസൈഡിംഗ് ഓഫീസറെയും ജീവനക്കാരെയും എങ്ങനെയാണ് നിയമിച്ചിട്ടുള്ളത്;

(സി ഉദ്യോഗസ്ഥരെ സായാഹ്നകോടതികൾക്ക് മാത്രമായി നിയമിക്കുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>പാർലമെന്ററി കാര്യവകുപ്പ് നടപ്പാക്കിയ പദ്ധതികൾ</u>

2978 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പാർലമെന്ററികാര്യ വകുപ്പ് കോളേജ് യൂണിവേഴ്സിറ്റി, സെക്കന്ററി സ്ക്കൂൾ വിദ്യാർത്ഥികൾക്കായി കഴിഞ്ഞ വർഷം (2010-11) നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത വകുപ്പ് ആരംഭിച്ചശേഷം ഏതെല്ലാം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു എന്നതു സംബന്ധിച്ച് വിശദവിവരം നൽകാമോ;

(സി) 2011-12 വർഷത്തിൽ നടപ്പാക്കിവരുന്നതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത വകുപ്പിന്റെ കീഴിൽ യൂണിവേഴ്സിറ്റികളിൽ നടക്കുന്ന പഠനഗവേഷണ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പ എടുക്കുന്നതിനുള്ള നടപടികൾ</u>

2979 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ബാങ്കുകളിൽനിന്നും വിദ്യാഭ്യാസ വായ്പ എടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതു സംബന്ധിച്ച് റിസർവ്വ് ബാങ്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വയനാട് ജില്ലയിലെ വിവിധ ബാങ്കുകൾ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ബാങ്കുകൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.10.2011–ലെ മറുപടിക്ക്

പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫിലെ അംഗങ്ങളുടെ വിവരം

2980 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) ഓരോരുത്തരെയും നിയമിച്ചത് എന്നു മുതലാണെന്നും ഓരോരുത്തരുടെയും ശമ്പള സ്കെയിൽ എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) ഇവരിൽ സർവ്വീസിൽ നിന്നും ഡെപ്യൂട്ടേഷനിലുള്ളവർ എത്ര; അവർ ഏതേത് തസ്തികകളിൽപ്പെടുന്നവർ; നേരിട്ട് നിയമനം ലഭിച്ചവരെത്ര;

(ഡി) ഇവരിൽ ഓരോരുത്തരുടെയും ജാതി, ഉപജാതി, സമുദായം, പട്ടികജാതി, പട്ടികവർഗ്ഗം എന്നിവ തിരിച്ചുള്ള വിവരം നൽകാമോ;

(ഇ) ഇവർ ഓരോരുത്തരും ഏതേത് ജില്ലയിൽപ്പെടുന്നവരാണെന്നും ഇവരുടെ ആസ്തി, ബാധ്യതകൾ സംബന്ധിച്ച വിവരവും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫിന്റെ വിശദാംശങ്ങൾ

2981 ശ്രീ. ജോസഫ് വാഴക്കൻ
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ ഓഫീസിലെ പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം എത്ര ; ആരെല്ലാം ; ശമ്പള സ്കെയിലും തസ്തികയും സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രതിപക്ഷ നേതാവിന്റെ ഓഫീസിലെ ചെലവുകൾ, ശമ്പളം, യാത്രാബത്ത, വിരുന്നു സൽക്കാരം മറ്റ് ചെലവുകൾ എന്നിവ തരം തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) ഇക്കാലയളവിൽ പ്രതിപക്ഷ നേതാവിന്റെ ശമ്പളം, യാത്രാബത്ത, മറ്റു അലവൻസുകൾ എന്നീ വകയിൽ എന്തു തുക ചെലവായി ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

വിവിധ പദ്ധതികൾക്ക് ചെലവഴിച്ച തുക

2982 ശ്രീ. ഇ. പി. ജയരാജൻ
,, എസ്. ശർമ്മ
,, വി. ശിവൻകുട്ടി
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട്സിറ്റി വിഴിഞ്ഞം തുറമുഖപദ്ധതി കൊച്ചി മെട്രോ റെയിൽ പദ്ധതി കണ്ണൂർ വിമാനത്താവള പദ്ധതി- ഈ പദ്ധതികൾ ഓരോന്നിനും സംസ്ഥാന ഖജനാവിൽ നിന്നും സർക്കാരിന്റെ ആദ്യ നൂറു ദിവസത്തിനകം എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട്;

(ബി) ഈ പദ്ധതികൾക്ക് ഓരോന്നിനും സംസ്ഥാന ഖജനാവിൽ നിന്നും തന്നാണ്ടിൽ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്രയാണ്; ഇതിന് ഓരോന്നിനും ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര വീതം ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>എൻഡോവ്മെന്റ് പദ്ധതി</u>

2983 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനിക്കുന്ന ഓരോ കുഞ്ഞിനും 10,000/- രൂപയുടെ എൻഡോവ്മെന്റ് ഏർപ്പെടുത്തുമെന്ന മുൻ സർക്കാറിന്റെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ജനങ്ങൾ സ്വാഗതം ചെയ്ത പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഈ സർക്കാർ തയ്യാറാകുമോ ?

## കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സ്വാതന്ത്ര്യ സമരസേനാനികള്‍ക്ക് പെന്‍ഷന്‍ വര്‍ദ്ധനവരുത്താന്‍ നടപടി</u>

2984 ശ്രീ. കെ.എന്‍.എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വാതന്ത്ര്യസമര സേനാനികള്‍ക്ക് നല്‍കിവരുന്ന പെന്‍ഷന്‍ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ആയതിന് കാലാനുസൃതമായ വര്‍ദ്ധന വരുത്താന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

100 ദിന കർമ്മപരിപാടിയിൽ പൂർത്തിയാക്കിയ പദ്ധതികളുടെ ലിസ്റ്റ്

2985 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 100 ദിന കർമ്മപരിപാടിയിൽ പൂർത്തിയാക്കിയ പദ്ധതികളുടെ ലിസ്റ്റ് വിശദമാക്കാമോ;

(ബി) ഇതിൽ നിലവിലുള്ള സർക്കാർ പുതുതായി കൊണ്ടുവന്ന പണികൾ പൂർത്തീകരിച്ചവയുടെ വിവരങ്ങൾ നൽകാമോ;

(സി) കഴിഞ്ഞ സർക്കാർ തുടങ്ങി ഇപ്പോൾ പൂർത്തിയാക്കിയവയുടെ ലിസ്റ്റ് നൽകാമോ;

(ഡി) ഇനിയും പ്രഖ്യാപിച്ചു തുടങ്ങാത്ത പദ്ധതികൾ എത്രയാണ് ; വിശദമാക്കാമോ;

(ഇ) തുടങ്ങി, പൂർത്തീകരിക്കാൻ കഴിയാത്ത പദ്ധതികൾ എത്രയാണ്; വിശദമാക്കാമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>നൂറു ദിന പരിപാടി</u>

2986 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 100 ദിന പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് പൂർത്തിയായ പദ്ധതികളുടെ എത്ര ഉത്ഘാടനങ്ങൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാമാണെന്നും എവിടെയെല്ലാമാണെന്നും വിശദമാക്കാമോ;

(സി) ഇതിലെ ഓരോ പദ്ധതികളും ആരംഭിച്ചത് ഏത് വർഷങ്ങളിലാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

ഡാമുകളുടെ സുരക്ഷ

2987 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ, ഇടുക്കി അണക്കെട്ടുകൾ സ്ഥിതി ചെയ്യുന്ന ഭാഗത്ത് ഭൂചലനം ഉണ്ടായിട്ടുണ്ടോ; ഇത് ഈ ഡാമുകളുടെ സുരക്ഷയെ എപ്രകാരം ബാധിക്കുമെന്ന് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഭൂചലനം അനുഭവപ്പെട്ടിടത്ത് വീടുകൾ പൂർണ്ണമായോ ഭാഗികമായോ തകർന്നിട്ടുണ്ടോ; എങ്കിൽ ഇവരെ സഹായിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

നൂറു ദിന പരിപാടി

2988 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കൊയിലാണ്ടി മണ്ഡലത്തില സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ ആരംഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>പദ്ധതികളുടെ അടങ്കൽ വിഹിതം</u>

2989 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി. ഇ. എസ്. ബിജിമോൾ
ശ്രീ. പി. തിലോത്തമൻ
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെ സംഘം ഡൽഹി സന്ദർശനത്തിൽ വിവിധ കേന്ദ്ര മന്ത്രിമാർക്ക് എത്ര പദ്ധതികൾ വീതം സമർപ്പിച്ചു;

(ബി) ഓരോ പദ്ധതിയുടെയും മൊത്തം അടങ്കൽ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികൾക്കെല്ലാം കേന്ദ്രാംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ല എങ്കിൽ ലഭിക്കാൻ സാദ്ധ്യതയുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്ക്;

(ഇ) കോളറ, മഞ്ഞപ്പിത്തം തുടങ്ങിയ പകർച്ചവ്യാധികൾ ജനങ്ങളെ ബാധിച്ചതായി മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സമയത്തുള്ള മന്ത്രിമാരുടെ കൂട്ട ഡൽഹിയാത്ര രോഗ പ്രതിരോധ പ്രവർത്തനങ്ങളെ ബാധിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സ്വത്തു വിവരം വെളിപ്പെടുത്തൽ</u>

2990 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും കുടുംബാംഗങ്ങളുടെയും സ്വത്ത് വിവരം പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രഖ്യാപിക്കാത്തവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫും കുടുംബാംഗങ്ങളും സ്വത്ത് വിവരം പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പ്രഖ്യാപിക്കാത്തവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഇ) അഖിലേന്ത്യാ സർവ്വീസ് ഓഫീസർമാർ, വകുപ്പ് തലവന്മാർ കാറ്റഗറിയിലെ സീനിയർ ഓഫീസർമാർ എന്നിവർ സ്വത്ത് വിവരം പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ പ്രഖ്യാപിക്കാത്തവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

കേന്ദ്രവുമായുള്ള ബന്ധം സുദൃഢമാക്കാൻ നടപടി

2991 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രവുമായുള്ള ബന്ധം സുദൃഢമാക്കി കൂടുതൽ പദ്ധതികളും പാക്കേജുകളും നേടിയെടുക്കാൻ ഡൽഹി കേരള ഹൗസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സംവിധാനത്തിൽ എത്ര ജീവനക്കാരാണ് ഉളളത്;

(ബി) ഇതുവരെ എത്ര പദ്ധതികളും, പാക്കേജുകളും നേടിയെടുക്കാൻ കഴിഞ്ഞു; അവയുടെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>സർ വിശ്വേശ്വരയ്യ സ്മാരകം</u>

2992 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർ വിശ്വേശ്വരയ്യയുടെ ജന്മദിനമായ സെപ്തംബർ 15 എഞ്ചിനീയേഴ്സ് ദിനമായി ആചരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ;

(ബി) സർ വിശ്വേശ്വരയ്യയുടെ ഓർമ്മ നിലനിർത്തുവാൻ ഉചിതമായ സ്മാരകം നിർമ്മിക്കുയോ / നാമകരണം ചെയ്യുകയോ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ബാംഗ്ലൂരിലെ സർ വിശ്വേശ്വരയ്യ സയൻസ് ആന്റ് ടെക്നോളജി മാതൃകയിലുള്ള ഒരു സ്ഥാപനം തലസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>ഫയൽ തീർപ്പാക്കൽ അദാലത്തുകൾ</u>

2993 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും ഫയലുകളിൽ കാലതാമസം കൂടാതെ തീർപ്പ് കൽപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഫയൽ തീർപ്പാക്കൽ അദാലത്തുകൾ എല്ലാ മാസവും നിശ്ചിത ദിവസങ്ങളിൽ നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>'സേവന അവകാശനിയമം' കേരളത്തിൽ നടപ്പിലാക്കാൻ നടപടി</u>

2994 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സേവന അവകാശനിയമം നടപ്പിലാക്കുമ്പോൾ ചില വകുപ്പുകളിലും, ആഫീസുകളിലും ആവശ്യത്തിന് ജീവനക്കാരില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആവശ്യത്തിന് ജീവനക്കാരില്ലാത്ത ആഫീസുകളിൽ അധികം ജീവനക്കാരെ നിയമിക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച്</u>

2995 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് ആരംഭിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരത്ത് ആരംഭിച്ച അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പ്രവർത്തനത്തിന് സർക്കാർ നൽകിയിട്ടുള്ള ന്യായാധിപൻ മറ്റ് ഉദ്യോഗസ്ഥർ എത്രയെണ്ണമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>താലൂക്ക് ഇൻഫർമേഷൻ ഓഫീസുകൾ</u>

2996 ശ്രീ. റോഷി അഗസ്റ്റിൻ
'' പി.സി. ജോർജ്
'' തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ പബ്ളിക്ക്സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ ഗുണകരമാക്കുന്നതിന് താലൂക്ക് ഇൻഫർമേഷൻ ഓഫീസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) പി.എസ്.സിയ്ക്ക് ആസ്ഥാന ഓഫീസിലും ജില്ലാ റീജിണൽ ഓഫീസുകളിലും കൂടുതൽ ജീവനക്കാരെ അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) പി.എസ്.സിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവും ആക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ചാലക്കുടി ഫയർഫോഴ്സിന് പുതിയ കെട്ടിടം</u>

2997 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫയർഫോഴ്സിൽ നിരവധി ഒഴിവുകൾ നികത്താതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ചാലക്കുടി ഫയർസ്റ്റേഷനിൽ നിലവിൽ 17 ഫയർമാൻമാരുടേയും 4 ഡ്രൈവർമാരുടേയും ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് നികത്താൻ നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ അനുവദിച്ചു നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; 13-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശപ്രകാരം ഫയർ ഫൈറ്റിംഗ് ആന്റ് ഡിസ്സാസ്റ്റർ റിലീഫ് ഫണ്ടിൽ നിന്നും ഉപകരണങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>അനുമതി ലഭിക്കാത്ത പദ്ധതികൾക്കായി നടപടി</u>

2998 ശ്രീ.എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഡൽഹിയിലെത്തിയ കേരള ഉന്നതതലസംഘം എത്ര കേന്ദ്രമന്ത്രിമാരെ കണ്ടെന്നും എത്ര പദ്ധതികൾക്കായി അനുമതി ആവശ്യപ്പെട്ടെന്നും അതിൽ എത്ര എണ്ണത്തിന് അനുമതി ലഭിച്ചുവെന്നും വെളിപ്പെടുത്താമോ ;

(ബി) സമർപ്പിച്ച പദ്ധതികളിൽ അനുമതി ലഭിയ്ക്കാത്ത പദ്ധതികൾക്കായി വീണ്ടും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് വ്യക്തമാക്കാമോ :

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

ഒരു വർഷ കർമ്മ പരിപാടികൾ

2999 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

അദാലത്തുകൾ, വ്യവസായ സമ്മിറ്റുകൾ, ഭരണപരിഷ്ക്കാര നടപടികൾ, അഴിമതി നിർമ്മാർജ്ജനം, സർക്കാർ സേവനങ്ങളുടെ കാലതാമസം ഒഴിവാക്കലും ഗുണമേന്മ ഉറപ്പ് വരുത്തലും ഇവ ഒരു വർഷ കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തുന്നതിന് നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>മലയാളം സർവ്വകലാശാല ആരംഭിക്കുന്നതിന് നടപടി</u>

3000 ശ്രീ. സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളം സർവ്വകലാശാല ആരംഭിക്കുന്നതിന് സ്വീകരിച്ച പ്രാരംഭ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഭരണഭാഷ, കോടതികളിലടക്കം മലയാളമാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്</u>

3001

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് പരിശീലകരിൽ നിശ്ചിതയോഗ്യതയില്ലാത്തവർ ക്ലാസ്സ് എടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യു.ജി.സി. നിബന്ധന പ്രകാരം യോഗ്യതയുള്ള എത്ര അദ്ധ്യാപകർ ഐ.എം.ജി. യിലുണ്ട്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>പൗരാവകാശ രേഖകൾ പ്രസിദ്ധീകരിച്ച വകുപ്പുകൾ</u>

3002 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഏതെല്ലാം വകുപ്പുകളെയും ഓരോ വകുപ്പിലെയും ഏതെല്ലാം സേവനങ്ങളെയുമാണ് സേവനാവകാശ നിയമത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>കേന്ദ്ര ഗവൺമെന്റ് മുൻപാകെ സമർപ്പിച്ച പദ്ധതി നിർദ്ദേശം</u>

3003 ശ്രീ; ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെപ്തംബർ 21, 22, 23 തീയതികളിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതലസംഘം ഡൽഹി സന്ദർശിച്ച് കേന്ദ്ര ഗവൺമെന്റ് മുൻപാകെ ഏതെല്ലാം പദ്ധതി നിർദ്ദേശങ്ങളാണ് സമർപ്പിച്ചതെന്നു വ്യക്തമാക്കുമോ;

(ബി) ചർച്ചാ വേളകളിൽ തന്നെ അംഗീകാരം ലഭിച്ച പദ്ധതികൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ;

(സി) പരിഗണിയ്ക്കാം എന്നു വ്യക്തമാക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>അനധികൃത സ്വത്തുക്കൾ സർക്കാരിലേക്ക്</u>
<u>മുതൽക്കൂട്ടുന്നതിന് നടപടി</u>

3004

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രത്യേക വരുമാനമില്ലാതെ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഭൂസ്വത്തായോ, മറ്റുതരത്തിലോ സ്വത്തുവാങ്ങിക്കൂട്ടിയവരെപ്പറ്റി ഏതെങ്കിലും തരത്തിലുള്ള അന്വേഷണം ഇപ്പോൾ നടത്തിവരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അനധികൃതമായി സമ്പാദിച്ച സ്വത്തുക്കൾ സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇത്തരത്തിൽ വിശദമായ ഒരന്വേഷണത്തിന് നടപടി സ്വീകരിക്കുമോ;

(ഡി) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കായൽ, സമുദ്ര, നദീതീരങ്ങൾ കേന്ദ്രീകരിച്ച് വസ്തു വാങ്ങിക്കൂട്ടിയവരെപ്പറ്റിയുള്ള അന്വേഷണം കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇത്തരമൊരന്വേഷണത്തിന് തയ്യാറാകുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>വികസനപ്രവര്‍ത്തനങ്ങളെ സംബന്ധിച്ച ഉത്തരവുകള്‍</u>

3005 ശ്രീ. സി. കെ. നാണു
,, മാത്യു. റ്റി. തോമസ്
,, ജോസ് തെറ്റയില്‍
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിവിധ വകുപ്പുകളില്‍ നിന്നിറങ്ങുന്ന മണ്ഡലത്തിലെ വികസനപ്രവര്‍ത്തനങ്ങളെ സംബന്ധിച്ച ഉത്തരവുകളുടെയും കത്തുകളുടെയും പകര്‍പ്പുകള്‍ ജനപ്രതിനിധികള്‍ക്ക് നല്കുവാന്‍ 'പ്രത്യേക നിര്‍ദ്ദേശമില്ലാത്തതിനാല്‍' ആയത് ജനപ്രതിനിധികള്‍ക്ക് ലഭ്യമാകാത്തതും തന്മൂലം പല പദ്ധതികളിലും കാലതാമസം നേരിടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ പ്രസ്തുത ഉത്തരവുകളുടെയും കത്തുകളുടെയും പകര്‍പ്പുകള്‍ മറ്റ് ഉദ്യോഗസ്ഥര്‍ക്ക് ലഭിക്കുന്നതുപോലെ തന്നെ യഥാസമയം അതാത് ജനപ്രതിനിധികള്‍ക്കും ലഭ്യമാക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(സി) എങ്കില്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്ന നടപടികള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>മിന്നൽപ്പണിമുടക്ക് നേരിടാൻ സംവിധാനം</u>

3006 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളിൽ മിന്നൽപ്പണിമുടക്ക് നേരിടാൻ ഏർപ്പെടുത്തുന്ന സ്ഥിരം സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(ബി) ഇതിന് ആവശ്യമായ ഫണ്ട് ഏത് വകുപ്പിൽ നിന്നാണ് ചെലവിടുന്നത്; ഇതിനായി പ്രത്യേക ഫണ്ട് നീക്കിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>കോലഞ്ചേരി കോർട്ട് കോംപ്ലക്സ്</u>

3007

ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോലഞ്ചേരി കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

ഇൻഹൗസ് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റ് സെൽ

3008

ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സെക്രട്ടേറിയറ്റ് ജീവനക്കാർക്കായി ഇൻ ഹൗസ് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റ് സെൽ തുടങ്ങുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ തുടർപ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി എന്നു വിശദമാക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

'എന്റെ ഗ്രാമം' പദ്ധതി

3009 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'എന്റെ ഗ്രാമം' പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പരിപാടി ഇപ്പോൾ ഏതെല്ലാം ജില്ലയിൽ നടപ്പാക്കുന്നുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് ഹൈക്കോടതി ബഞ്ച്</u>

3010 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ട് ഹൈക്കോടതിയുടെ ഒരു ബെഞ്ച് സ്ഥാപിക്കാനുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**13.10.2011-ലെ മറുപടിക്ക്**

<u>ചാലക്കുടിയിൽ എം.എ.സി.റ്റി.കോടതി</u>

3011 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ എം.എ.സി.റ്റി.കോടതി ആരംഭിക്കേണ്ടതിന്റെ ആവശ്യകതയും അതിനുള്ള അപേക്ഷയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുമോ ;

(ബി) കേരളത്തിൽ ഗ്രാമീണ കോടിതികളും, സായാഹ്നകോടതികളും പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി എന്നും, എന്നുമുതൽ പ്രവർത്തനം ആരംഭിക്കും എന്നും വ്യക്തമാക്കാമോ ; ആയതിലേയ്ക്കായി ജീവനക്കാരുടെ വിന്യാസവും, തസ്തികകൾ അനുവദിക്കുന്നതും അടക്കമുള്ള നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്</u>

3012 **ഡോ. എൻ. ജയരാജ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ''കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്'' ആരംഭിക്കുവാൻ നിർദ്ദേശമുണ്ടോ ;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

## പെർമനന്റ് ലോക് അദാലത്ത്

3013 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
'' സി. മോയിൻകുട്ടി
'' വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെർമനന്റ് ലോക് അദാലത്ത് (പി.എൽ.എ.) കോഴിക്കോട് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) മറ്റു സംസ്ഥാനങ്ങളിലേതു പോലെ എല്ലാ ജില്ലകളിലും പെർമനന്റ് ലോക് അദാലത്ത് തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസിയുടെ ഘടനയും പ്രവർത്തന രീതികളും</u>

3014 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഴിമതിയെക്കുറിച്ച് വിവരം നൽകുന്നവരുടെ രഹസ്യ സ്വഭാവം നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഏതെങ്കിലും സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ് അതിലെ അംഗങ്ങൾ എന്ന് വെളിപ്പെടുത്തുമോ;

(സി) വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസിയുടെ ഘടനയും പ്രവർത്തന രീതികളും വിശദമാക്കുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>വ്യാജ മോട്ടോർവാഹന ബ്രോക്കർമാർക്കെതിരെ നടപടി</u>

3015 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാറിലെ കർണ്ണാടകാതിർത്തി പ്രദേശങ്ങളിൽ താമസിക്കുന്നവരിൽ നിന്നും വ്യാജ മോട്ടോർ വാഹന ബ്രോക്കർമാർ അഡ്വാൻസ് നൽകി വാഹനം കൈവശപ്പെടുത്തിയ ശേഷം അവ പൊളിച്ചു വിൽപ്പന നടത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) ഇങ്ങനെ കബളിപ്പിക്കപ്പെട്ട് വാഹനം നഷ്ടപ്പെടുന്നവർക്ക് വാഹനം നഷ്ടപ്പെട്ടതായുളള സർട്ടിഫിക്കറ്റ് നൽകാറുണ്ടോ; ഇല്ലെങ്കിൽ സർട്ടിഫിക്കറ്റ് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) വാഹനം നഷ്ടപ്പെട്ടതായി പോലീസിന് ബോദ്ധ്യം വന്ന കേസ്സുകളിൽ വാഹന നികുതി ഒടുക്കാത്തതിന്റെ പേരിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വാഹനം നഷ്ടപ്പെട്ടതായി പോലീസിന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എന്തു നടപടികൾ സ്വീകരിച്ചു?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>പോലീസുദ്യോഗസ്ഥന്മാരിൽ ക്രിമിനൽ കേസിൽ ഉൾപ്പെട്ടവരുടെ ലിസ്റ്റ്</u>

3016 ശ്രീ. കെ. രാധാകൃഷ്ണൻ
'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
'' ജെയിംസ് മാത്യു
'' കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസുദ്യോഗസ്ഥന്മാരിൽ ക്രിമിനൽ കേസിൽ ഉൾപ്പെട്ടവരുടെ ലിസ്റ്റ് ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഐ.പി.എസ്. നോൺ ഐ.പി.എസ്. വിഭാഗത്തിൽ എത്രപേർ വീതം ഉണ്ട്;

(സി അവരുടെ പേരുവിവരം വെളിപ്പെടുത്താമോ;

(ഡി) അവരുടെ പേരിലുള്ള കേസുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>പോലീസിൽ അംഗങ്ങളുടെ കുറവ്</u>

3017 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസ് സേനയിൽ നിലവിൽ എത്ര പേർ വിവിധ കാറ്റഗറികളിലായി ജോലിചെയ്യുന്നുണ്ട് ;

(ബി) എത്ര പോലീസ് സേനാംഗങ്ങളാണ് ആവശ്യമായിട്ടുള്ളത് ;

(സി) നിലവിൽ സേനാംഗങ്ങളുടെ കുറവ് ഉണ്ടോ ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാന പോലീസിനെ നിയമപാലനം, കുറ്റാന്വേഷണം എന്നിങ്ങനെ വേർതിരിക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>പോലീസ് ക്യാന്റീൻ സൗകര്യം</u>

3018 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എവിടെയെല്ലാമാണ് പോലീസ് ക്യാന്റീനുകൾ പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത ക്യാന്റീൻ വഴി ജീവനക്കാർക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

## പോലീസ് നവീകരണ പദ്ധതി

3019 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് നവീകരണ പദ്ധതിക്ക് നാളിതുവരെ എത്ര രൂപ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ഫണ്ടിൽ നിന്ന് വാഹനങ്ങൾ വാങ്ങുന്നതിനു വേണ്ടി എത്ര രൂപ ചെലവാക്കിയിട്ടുണ്ട്;

(സി) ഏതെല്ലാം വാഹനങ്ങൾ വാങ്ങിയെന്ന് വിശദീകരണം നൽകുമോ; എത്ര കാറുകൾ, ജീപ്പുകൾ, ടൂവീലറുകൾ എന്നിവ വാങ്ങിയെന്നും ഓരോന്നിനും ചെലവായ തുക എത്രയെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത വാഹനങ്ങളിൽ സിറ്റി പോലീസ് കമ്മീഷണർ മുതൽ മുകളിലോട്ടുള്ള എല്ലാ ഓഫീസുകളുമായി ബന്ധപ്പെടുത്തി എത്ര വാഹനങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഓരോ ജില്ലയുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) നവീകരണത്തിന്റെ ഭാഗമായി മോഡണൈസേഷൻ ഫണ്ടുപയോഗിച്ച് കേരളാ പോലീസ് എത്ര ജനറേറ്റർ വാങ്ങിയിട്ടുണ്ട്; ഏതെല്ലാം തരം; എത്ര തുക ചെലവഴിച്ചു; ഇതിൽ എത്രയെണ്ണം ഉപയോഗ ശൂന്യമായി എന്നും വിശദമാക്കുമോ;

(എഫ്) കമ്പ്യൂട്ടർ, അൽക്കോമീറ്റർ, ലാപ്ടോപ്, ക്യാമറ, ഡിജിറ്റൽ ക്യാമറ എന്നീ ഉപകരണങ്ങൾ വാങ്ങിയതിന്റെ എണ്ണവും വിലയും വ്യക്തമാക്കാമോ;

(ജി) നവീകരണത്തിന്റെ ഭാഗമായി ഇന്നേവരെ തിരുവനന്തപുരം സിറ്റി കൺട്രോൾ റൂം, കൊച്ചിൻ സിറ്റി കൺട്രോൾ റൂം, കോഴിക്കോട് സിറ്റി കൺട്രോൾ റൂം എന്നിവിടങ്ങളിലെ നവീകരണത്തിനായി വിവിധ കാലയളവുകളിൽ ചെലവഴിച്ച തുകയെത്ര; അവിടേക്ക് വാങ്ങിയ ഉപകരണങ്ങളുടെ തുകയെത്ര എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>ജനമൈത്രി പോലീസ്</u>

3020 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസിനെ നിയമിക്കാൻ ഉദ്ദേശ്യമുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഉടൻ നിയമിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ജനമൈത്രി പോലീസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

ട്രാഫിക് പോലീസ് സംവിധാനം മെച്ചപ്പെടുത്താൻ നടപടി

3021 ശ്രീ.ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടേയും യാത്രക്കാരുടെയും എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് ഗതാഗതം കാര്യക്ഷമമായി നിയന്ത്രിക്കാൻ വേണ്ടി ട്രാഫിക് പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; ട്രാഫിക് വിഭാഗത്തിന് ആവശ്യമായ ആധുനിക ഉപകരണങ്ങൾ നൽകാൻ നടപടി സ്വീകരിയ്ക്കുമോ ;

(ബി) കേരളത്തിൽ ഇപ്പോൾ ട്രാഫിക് വിഭാഗത്തിൽ എത്ര പോലീസ് ഉദ്യോഗസ്ഥർ ആണ് ജോലിനോക്കുന്നത് ; എത്രപേരെയാണ് ആവശ്യം ; പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണക്കുറവ് പരിഹരിക്കാൻ എന്തെങ്കിലും ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(സി) തികച്ചും പ്രയാസമേറിയ ജോലി ചെയ്യുന്ന ട്രാഫിക് വിഭാഗത്തിലെ പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക റിസ്ക് അലവൻസും ഇൻഷ്വറൻസ് പരിരക്ഷയും ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ലോട്ടറി കേസ് അന്വേഷണം</u>

3022 ശ്രീ. പി.കെ. ബഷീർ
,, റ്റി.എ. അഹമ്മദ് കബീർ
,, കെ.എൻ.എ. ഖാദർ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോട്ടറിക്കേസുകളിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകാമോ;

(ബി) ഇപ്പോൾ, സി.ബി.ഐ. അന്വേഷണമെന്ന ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(സി) സി.ബി.ഐ. അന്വേഷണം ഏറ്റെടുത്തിട്ടുണ്ടോ?

## കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>പരോളിലിറങ്ങിയവരുടെ വിശദാംശം</u>

3023 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിൽ നിന്ന് പരോളിലിറങ്ങി തിരികെ ജയിലിലെത്താത്ത എത്ര തടവുകാരുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇവരുടെ പേരും പരോളിലിറങ്ങിയ തീയതിയും തിരികെ ജയിലിൽ എത്തേണ്ടിയിരുന്ന തീയതിയും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ക്രിമിനല്‍ സ്വഭാവമുള്ള പോലീസ് ഉദ്യോഗസ്ഥരെ മാറ്റി നിര്‍ത്താന്‍ നടപടി</u>

3024 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ക്രിമിനല്‍ സ്വഭാവമുള്ള പോലീസ് ഉദ്യോഗസ്ഥരെ പോലീസില്‍ നിന്നു മാറ്റി നിര്‍ത്താന്‍ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം ക്രിമിനല്‍ സ്വഭാവമുള്ള എത്ര പോലീസ് ഉദ്യോഗസ്ഥരെ മാറ്റി നിര്‍ത്താന്‍ നടപടി സ്വീകരിച്ചു ; അവര്‍ ആരൊക്കെയെന്നും ഏതൊക്കെ കേസുകളുടെ പേരിലാണ് മാറ്റി നിര്‍ത്തിയതെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>പോലീസ് ഉദ്യോഗസ്ഥർക്ക് ഗുണ്ടാ മാഫിയകളുമായുള്ള ബന്ധം</u>

3025 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) പോലീസുകാരുടെ സ്വകാര്യജീവിതം നിരീക്ഷിക്കാനും ഗുണ്ടാ മാഫിയബന്ധമുള്ളവർക്കെതിരെ കർശന നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകുമോ;

(സി) ഓരോ പോലിസ് ഉദ്യോഗസ്ഥനും തന്റെ തൊട്ടുതാഴെയുള്ള ഉദ്യോഗസ്ഥന്റെ പ്രവർത്തനങ്ങളെ നിരീക്ഷിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ നിയമവിരുദ്ധ ഇടപെടലുകൾക്കെതിരെ നടപടിയെടുക്കാൻ വൈകിയാൽ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

**കേരള നിയമസഭ**
**13.10.2011-ലെ മറുപടിക്ക്**

<u>ഹോംഗാർഡുകളുടെ പരിശീലനം</u>

3026 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹോം ഗാർഡുകൾ ജോലി ചെയ്യുന്നുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇവരുടെ വേതനം നിലവിൽ എത്ര രൂപയാണ് ; വേതനം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഹോംഗാർഡുകളുടെ പരിശീലനത്തിന് എവിടെയെല്ലാമാണ് സൗകര്യമുള്ളത് എന്ന് വെളിപ്പെടുത്തുമോ ; പരിശീലനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇവരുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സി. ബി. സി. ഐ. ഡി. അന്വേഷണത്തിലിരിക്കുന്ന കേസുകൾ</u>

3027 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' കെ. വി. അബ്ദുൾ ഖാദർ
'' എം. ചന്ദ്രൻ
'' കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി. ബി. സിഐ. ഡി(എക്ണോമിക് ഒഫൻസ് വിംഗ്) യുടെ അന്വേഷണത്തിലിരിക്കുന്ന എത്ര കേസുകളിൽ ഇതിനകം തുമ്പുണ്ടാക്കിയിട്ടുണ്ടെന്ന് വിശദാംശങ്ങളോടെ വെളിപ്പെടുത്തുമോ ;

(ബി) സാമ്പത്തിക തട്ടിപ്പുകൾ സംബന്ധമായി വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഏതെങ്കിലും കേസുകൾ ഇനിയും സി. ബി. സി. ഐ.ഡിയ്ക്ക് കൈമാറാതിരുന്നിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) വ്യാജ ബാങ്ക് അക്കൗണ്ടുകളിലൂടെ തട്ടിപ്പ് നടത്തിയ എത്ര കമ്പനികളുടെ ബാങ്ക് ഇടപാടുകൾ മരവിപ്പിക്കാൻ ബാക്കിയുണ്ട് ; എല്ലാ കേസുകളും ആർ. ബി. ഐ. യുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

മദ്യപിച്ച് വാഹനമോടിച്ച് അപകടത്തിൽപ്പെട്ടവരുടെ വിശദാംശം

3028 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2005 മുതൽ പ്രതിവർഷം ഉണ്ടായ വാഹനാപകടങ്ങളുടെ കണക്ക്, മരണനിരക്ക്, ഒരപകടത്തിൽ ഒന്നിലേറെ ജീവൻ നഷ്ടപ്പെട്ടതിന്റെ വിശദാംശം എന്നിവ നല്കുമോ;

(ബി) പ്രസ്തുത അപകടങ്ങളിൽ മദ്യപിച്ച് വാഹനമോടിച്ചതായി കണ്ടെത്തിയത് എത്രയെണ്ണത്തിലാണ്;

(സി) പ്രസ്തുത കാലയളവിൽ മദ്യപിച്ച് വാഹനമോടിച്ചതിന് ശിക്ഷിക്കപ്പെട്ടവർ എത്രയാണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

തലവരിപ്പണം വാങ്ങിയത് സംബന്ധിച്ച കേസുകള്‍

3029 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍
,, റ്റി. വി. രാജേഷ്
,, ആര്‍. രാജേഷ്
,, എ. പ്രദീപ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രൊഫഷണല്‍ കോഴ്സ് പ്രവേശനത്തിന് തലവരിപ്പണം വാങ്ങിയ സംഭവങ്ങള്‍ സംബന്ധിച്ച് പോലീസ് അന്വേഷണം നടന്നു വരുന്നുണ്ടോ;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം എത്ര സംഭവങ്ങള്‍ ഇത്തരത്തില്‍ റിപ്പോര്‍ട്ട് ചെയ്യപ്പെടുകയുണ്ടായി; എത്ര കേസുകളില്‍ അന്വേഷണം നടക്കുന്നു; എത്ര പരാതികള്‍ ലഭിക്കുകയുണ്ടായി.;

(സി) ഏതെല്ലാം കേസുകളില്‍ മാനേജ്മെന്റുകള്‍ക്കെതിരെ നടപടിയെടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

കാരക്കോണം സി.എസ്.ഐ. മെഡിക്കൽ കോളേജിൽ സീറ്റിന് കോഴ

3030 ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരക്കോണം സി.എസ്.ഐ. സ്വാശ്രയ മെഡിക്കൽ കോളേജിൽ കോഴ വാങ്ങി പ്രവേശനം നടത്തി എന്ന ആരോപണത്തിന്മേൽ ഏത് തരത്തിലുള്ള അന്വേഷണമാണ് നടന്നു കൊണ്ടിരിക്കുന്നത്;

(ബി) ഏത് അന്വേഷണ ഏജൻസിയാണ് കേസ് അന്വേഷിച്ചു വരുന്നത് ;

(സി) ഏത് ഉദ്യോഗസ്ഥനാണ് കേസ് അന്വേഷിച്ചു വരുന്നതെന്നും കേസിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ആഭ്യന്തര വകുപ്പിലെ ലോക്കൽ, എ.ആർ സംയോജനം</u>

3031 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിലെ ലോക്കൽ, എ.ആർ സംയോജനം മുൻ സർക്കാരിന്റെ കാലത്ത് ഉത്തരവായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>സദാചാര വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന അദ്ധ്യാപകർക്കെതിരെ നടപടി</u>

3032

ശ്രീ. മഞ്ഞളാംകുഴി അലി

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾ ഉൾപ്പെടെയുള്ള ചെറിയ പെൺകുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുന്നതു സംബന്ധിച്ച നിരവധി വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുറത്തുവരുന്ന വാർത്തകളിൽ പലതിലും പീഡിപ്പിച്ചവരിൽ അടുത്ത ബന്ധുക്കൾ, സ്വന്തം പിതാവ്, സ്വന്തം അദ്ധ്യാപകൻ തുടങ്ങിയവരും ഉൾപ്പെടുന്നു എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) പെൺകുട്ടികളെ പീഡിപ്പിക്കുന്നതിന് മാതാവ്, അദ്ധ്യാപിക, അടുത്ത ബന്ധുക്കൾ എന്നിവർ പോലും ഇടനിലക്കാരായി നിൽക്കുന്നുണ്ട് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം പീഡനക്കേസുകളിൽ കുറച്ച് കേസുകൾ മാത്രമാണ് പുറത്തുവരുന്നത് എന്ന് അറിയുമോ;

(ഇ) മാറിയ സാഹചര്യങ്ങളിൽ പെൺകുട്ടികളുടെ സുരക്ഷിതത്വത്തിന് അദ്ധ്യാപകർ കൂടുതൽ ജാഗ്രത കാണിക്കേണ്ടതുണ്ടെന്ന് വിലയിരുത്തുന്നുണ്ടോ;

(എഫ്) ഒറ്റപ്പെട്ട കേസുകളിൽ അദ്ധ്യാപകർ പ്രതികളാകുന്ന സാഹചര്യത്തിൽ അദ്ധ്യാപകരുടെ മാന്യതയും സദാചാരവും ഉറപ്പുവരുത്താൻ ശക്തമായ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ;

(ജി) ലൈംഗിക പീഡനക്കേസുകളിലും സദാചാര വിരുദ്ധ പ്രവർത്തനങ്ങളിലും ഉൾപ്പെടുന്ന അദ്ധ്യാപകർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

ഫയര്‍ സര്‍വ്വീസിന്റെ ആധുനികവല്‍ക്കരണത്തിന് നടപടികള്‍

3033 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഫയര്‍ സര്‍വ്വീസ് വെല്‍ഫെയര്‍ കമ്മിറ്റി, ഫയര്‍ സര്‍വ്വീസിനെ ആധുനികവല്‍ക്കരിക്കുന്നതിനായി 13.06.11 തീയതിയില്‍ 1111/11/സി.എം. നമ്പരായി ആഭ്യന്തര വകുപ്പ് അഡീഷണല്‍ ചീഫ് സെക്രട്ടറിയുടെ പരിശോധനക്ക് അയച്ച നിവേദനത്തിന്മേല്‍ തുടര്‍ നടപടികള്‍ എന്തെല്ലാമാണ് ;

(ബി) ഫയര്‍ സര്‍വ്വീസിന്റെ ആധുനികവല്‍ക്കരണത്തിന് സര്‍ക്കാര്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവരുന്നു ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിക്കാൻ നടപടി</u>

3034 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫയർ റെസ്ക്യൂ സർവ്വീസിൽ 2011 മാർച്ച് 31-ന് മുമ്പ് ചെലവഴിക്കേണ്ട കേന്ദ്ര ഫണ്ടിന്റെയും സ്റ്റേറ്റ് പ്ലാൻ ഫണ്ടിന്റെയും പദ്ധതിയുടെ രൂപരേഖ എന്തൊക്കെയാണ്; സർവ്വീസിൽ ഇതുവരെയില്ലാത്ത ഏതൊക്കെ പുതിയ ഉപകരണങ്ങളാണ് വാങ്ങാൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കുമോ;

(ബി) കേരള ഫയർ സർവ്വീസ് വെൽഫെയർ കമ്മിറ്റി എന്ന പേരിൽ അംഗീകാരം ഇല്ലാത്ത ഒരു സംഘടന പ്രവർത്തിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കേരള ഫയർ സർവ്വീസ് അസോസിയേഷന്റെ സംഘടനാ തെരഞ്ഞെടുപ്പിൽ ഉണ്ടാകുന്ന സംഘടനാ തർക്കങ്ങളിൽ അന്തിമ തീർപ്പുകൽപ്പിക്കുന്നത് ആരാണ്; അങ്ങനെ തർക്കങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ഡി) ഈ സാമ്പത്തിക വർഷം പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>അഗ്നിശമന രക്ഷാ സേനയിൽ ഒഴിവുനികത്താൻ നടപടി</u>

3035 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്നിശമന രക്ഷാ സേനയിൽ ഫയർമെൻ, ഡ്രൈവർ എന്നീ തസ്തികകളുടെ ആകെ എണ്ണം എത്രയാണ് ;

(ബി) പ്രസ്തുത തസ്തികകളിൽ ഓരോന്നിലും നിലവിലുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കുമോ ;

(സി) തസ്തികകളിൽ മതിയായ ഉദ്യോഗസ്ഥർ ഇല്ലാത്തത് അഗ്നിശമന സേനയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഫയർമാൻ തസ്തികകളിലേക്കുള്ള നിയമനത്തിന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിലുള്ളവരുടെ ശാരീരിക പരിശോധന എന്നത്തേക്ക് നടത്താൻ ഉദ്ദേശിക്കുന്നു ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

ഫയര്‍ ആന്‍റ് റെസ്ക്യൂ സര്‍വ്വീസിലെ അനധികൃത സംഘടന കള്‍

3036 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഫയര്‍ ആന്‍റ് റെസ്ക്യൂ സര്‍വ്വീസസ് വകുപ്പില്‍ സര്‍ക്കാര്‍ അംഗീകാരത്തോടെ പ്രവര്‍ത്തിക്കുന്ന ഏതെല്ലാം സംഘട നകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സംഘടനകള്‍ക്ക് അംഗീകാരം നല്‍കി സര്‍ക്കാര്‍ പുറത്തിറക്കിയ ഉത്തരവിന്‍റെ പകര്‍പ്പുകള്‍ ലഭ്യമാ ക്കുമോ ;

(സി) അച്ചടക്കമുള്ള സേനയായി പ്രവര്‍ത്തിക്കേണ്ട ഈ വകു പ്പിനു കീഴില്‍ ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം അംഗീകാരമില്ലാതെ നിരവധി സംഘടനകള്‍, ലറ്റര്‍ഹെഡും സീലുകളും മറ്റും ഉണ്ടാക്കി പ്രവര്‍ത്തിക്കു ന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം സംഘടനകള്‍ക്കെതിരെ നടപടിയെടുക്കാനും ഇത്തരം പ്രവര്‍ത്തികള്‍ നിയന്ത്രിക്കുന്നതിനും നടപടി കള്‍ സ്വീകരിച്ചിട്ടുണ്ടോ ; എങ്കില്‍ വിശദാംശം വെളി പ്പെടുത്തുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

ഒറ്റപ്പാലത്ത് ഫയർസ്റ്റേഷൻ

3037 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഡിവിഷൻ ആസ്ഥാനമായ ഒറ്റപ്പാലത്ത് ഒരു ഫയർ സ്റ്റേഷൻ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ അവിടെ ഫയർസ്റ്റേഷൻ നിർമ്മിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് ഫയർസ്റ്റേഷൻ പുതിയതായി ആരംഭിക്കുന്നതിന് എന്തെങ്കിലും മുൻഗണന നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഒറ്റപ്പാലം ഫയർ സ്റ്റേഷൻ പ്രസ്തുത പട്ടികയിൽ എത്രാമതായാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഒറ്റപ്പാലം ഫയർ സ്റ്റേഷൻ എന്ന് ആരംഭിക്കുവാൻ കഴിയും എന്നാണ് കരുതുന്നത് ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

നെടുംകണ്ടത്ത് ഫയർ സ്റ്റേഷൻ

3038 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെടുംകണ്ടത്ത് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം നൽകാമോ ;

(ബി) നെടുംകണ്ടത്ത് ഫയർസ്റ്റേഷന്റെ സേവനം എന്നുമുതൽ ലഭ്യമാകും എന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**13.10.2011-ലെ മറുപടിക്ക്**

<u>തിരുവല്ല നിയോജകമണ്ഡലത്തിലെ മല്ലപ്പള്ളിയിൽ ഫയർസ്റ്റേഷന് അനുമതി</u>

3039 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവല്ല നിയോജക മണ്ഡലത്തിലെ മല്ലപ്പള്ളിയിൽ ഫയർസ്റ്റേഷന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് നിർമ്മാണം തടങ്ങുവാൻ കഴിയും എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

അന്വേഷണ കമ്മീഷനുകളുടെ കാലാവധി

3040 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്വേഷണ കമ്മീഷനുകൾ ഏതെല്ലാം ആവശ്യത്തിന് നിലവിൽ വന്നതാണ്;

(ബി) ഇപ്പോൾ അന്വേഷണം നടന്നുകൊണ്ടിരിക്കുന്ന അന്വേഷണ കമ്മീഷനുകൾക്കനുവദിച്ച സമയപരിധി കഴിഞ്ഞിട്ടും റിപ്പോർട്ടു സമർപ്പിക്കാത്ത കമ്മീഷനുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്മീഷനുകളിൽ സിറ്റിംഗ് ജഡ്ജിമാരായവർ എത്രപേരാണ് പ്രവർത്തിക്കുന്നത് ?

**കേരള നിയമസഭ**
**13.10.2011-ലെ മറുപടിക്ക്**

സ്ത്രീപീഡന കേസുകളുടെ അന്വേഷണം

3041 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റിപ്പോർട്ടു ചെയ്ത സ്ത്രീപീഡന കേസുകളിൽ എത്ര എണ്ണത്തിന്റെ അന്വേഷണം പൂർത്തിയായി;

(ബി) എത്ര പ്രതികളെ അറസ്റ്റു ചെയ്തു ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ആരാധനാലയങ്ങളിൽ നിന്ന് മോഷണം</u>

3042 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മോഷണവും കവർച്ചയും തടയുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; അന്യ സംസ്ഥാനത്തുനിന്നുള്ള മോഷണ സംഘങ്ങളാണ് ഇതിന്റെ പിന്നിൽ മുഖ്യമായിട്ടുള്ളത് എന്ന നിലയിൽ അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾക്ക് പോലീസ് നിർദ്ദേശിച്ച മാനദണ്ഡങ്ങൾ</u>

3043 ശ്രീ. വി. എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളെ കൊണ്ടുവരുന്നതിനും ജോലി ചെയ്യിക്കുന്നതിനും പോലീസ് നിർദ്ദേശിച്ച മാനദണ്ഡങ്ങൾ ലംഘിക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്രിമിനൽ കേസ്സിൽ പ്രതിയാക്കപ്പെട്ടവരുടെ വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ രേഖപ്പെടുത്തുന്നതിന് സംവിധാനമേർപ്പെടുത്തുമോ;

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

ഔദ്യോഗിക പദവിയിലുള്ളവർ ജയിലിലെ തടവുകാരുമായി ഫോണിൽ ബന്ധപ്പെടുന്നത്

3044 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജിന്റെ പേരിലുള്ള ഫോണിൽ നിന്നും സുപ്രീംകോടതി ശിക്ഷിച്ച് തടവിൽ കഴിയുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ ഫോണിലേക്കും തിരിച്ചും കോളുകൾ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്നെല്ലാം; എത്രതവണ; എത്രസമയം എന്നും വ്യക്തമാക്കുമോ;

(സി) തടവിൽ കഴിയുന്ന വ്യക്തികൾ ഔദ്യോഗിക പദവിയുള്ളവർ, മറ്റ് കുടുംബാംഗങ്ങൾ സഹപ്രവർത്തകർ തുടങ്ങിയവരോട് ഫോണിൽ സംസാരിക്കുന്ന പ്രവണത ന്യായീകരിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇത്തരം പ്രവൃത്തി ചെയ്യുന്ന ഔദ്യോഗിക പദവിയിലുള്ളവർക്കെതിരെ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**13.10.2011-ലെ മറുപടിക്ക്**

<u>ആദിവാസി സ്ത്രീകളെ അപമാനിച്ചവർക്കെതിരെ കേസ്</u>

3045 ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. റ്റി. വി. രാജേഷ്
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ബത്തേരിയിൽ ആദിവാസി സ്ത്രീകളെ അപമാനിച്ചവർക്കെതിരെ കേസെടുത്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സ്ത്രീകളുടെ നേരെ നടക്കുന്ന അതിക്രമങ്ങൾ</u>

3046 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. സദാശിവൻ
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടാപ്പകൽ പോലും സ്ത്രീകൾക്ക് നേരെ പിടിച്ചുപറിയും കവർച്ചയും പീഡനങ്ങളും വ്യാപകമാണെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ; ഇത്തരം സംഭവങ്ങൾ എന്തുകൊണ്ട് നാൾക്കുനാൾ വർദ്ധിച്ചു വരുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഫലപ്രദമായ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

വനിതാ ഡോക്ടറെ ആക്രമിച്ചവർക്കെതിരെ നടപടി

3047 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം താലൂക്കാശുപത്രിയിൽ 22-5-2011-ൽ രാത്രിയിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന വനിതാ ഡോക്ടർ ഡോ. രേഖയെ ആലപ്പുഴ മുസ്ലീം ലീഗ് ജില്ലാ നേതാവും കായംകുളം നഗരസഭാ ചെയർമാനും കൂടിയായ ശ്രീ. പി.കെ. കൊച്ചുകുഞ്ഞിന്റെ നേതൃത്വത്തിലുള്ള സാമൂഹിക വിരുദ്ധർ ആക്രമിക്കുകയും ആശുപത്രി ഉപകരണങ്ങൾ തല്ലിതകർക്കുകയും ചെയ്തതായ പരാതിയിൽ ശ്രീ. കൊച്ചുകുഞ്ഞിനും മറ്റ് മുഖ്യപ്രതികൾക്കുമെതിരെ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>മലയാളം ഭരണഭാഷയാക്കുന്നതിനുള്ള നടപടികൾ</u>

3048 ശ്രീ. രമേശ് ചെന്നിത്തല
,, റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളം ഭരണഭാഷയാക്കുന്നതിനുള്ള നടപടികൾ ഇതിനകം എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നാളിതുവരെ എത്ര വകുപ്പുകളിൽ മലയാളം ഭരണഭാഷയാക്കിയിട്ടുണ്ട്; ഇനി എത്ര വകുപ്പുകൾ ശേഷിക്കുന്നുണ്ട്;

(സി) മലയാളം ഭരണഭാഷയാക്കാനുള്ള നടപടികളുടെ വേഗക്കുറവിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ഫോളോ അപ്പ് പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തുവാൻ നടപടി</u>

3049 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമയബന്ധിതമായി പദ്ധതികൾ നേടിയെടുക്കുന്നതിന് ഫോളോ അപ്പ് പ്രവർത്തനത്തിനായി കേന്ദ്രത്തിലും സംസ്ഥാനത്തും രണ്ട് മോണിറ്ററിംഗ് സെല്ലുകൾക്ക് രൂപം നൽകുമോ;

(ബി) ഡൽഹിയിലെ റസിഡന്റ് കമ്മീഷണറായിരിക്കുമോ കേന്ദ്രത്തിൽ ഇതിന്റെ ചുമതല വഹിക്കുക;

(സി) എങ്കിൽ സംസ്ഥാനത്ത് ഇതിന്റെ ചുമതല ആർക്കായിരിക്കും?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ വിദേശ യാത്രകൾ</u>

3050 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി യടക്കം ഒന്നിലേറെ തവണ വിദേശയാത്ര നടത്തിയ മന്ത്രിമാർ ആരെല്ലാം; എത്ര തവണ;

(ബി) പ്രസ്തുത വിദേശ യാത്രകൾ കൊണ്ട് സംസ്ഥാനത്തിന് എന്തു നേട്ടമുണ്ടായി എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

ഫോറസ്റ്റ് ഗാർഡ് റാങ്ക് ലിസ്റ്റ്

3051 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ ഫോറസ്റ്റ് ഗാർഡ് റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ; ഈ ലിസ്റ്റിൽ ജനറൽ വിഭാഗത്തിലും സപ്ലിമെന്ററിയിലുമായി എത്ര പേരാണുള്ളത് ; ഇതിൽ നിന്നും എത്ര പേർക്ക് ഇന്നേവരെ നിയമനം ലഭിച്ചിട്ടുണ്ട് ; ഇവരുടെ ജാതി തിരിച്ചുള്ള പട്ടിക പ്രസിദ്ധീകരിക്കാമോ ;

(ബി) ഇതേ സമയം മറ്റേതൊക്കെ ജില്ലകളിലാണ് ഫോറസ്റ്റ് ഗാർഡ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുള്ളത് ; ഈ ഓരോ ജില്ലകളിലും നടന്ന നിയമനങ്ങളുടെ പട്ടിക, ജാതി തിരിച്ച് പ്രസിദ്ധീകരിക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ നല്കി വരുന്ന ആനുകൂല്യങ്ങൾ</u>

3052 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, കെ. അജിത്
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് നല്കി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം ;

(ബി) പഞ്ഞ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് നല്കി വന്നിരുന്ന ആനൂകൂല്യങ്ങൾ വെട്ടിച്ചുരുക്കുന്നതു മൂലം എത്ര മത്സ്യത്തൊഴിലാളികൾക്ക് ഈ ആനൂകൂല്യം നഷ്ടപ്പെട്ടുവെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>പി.എസ്.സി. നിയമനം</u>

3053 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ എത്ര പേർക്ക് പി. എസ്.സി. വഴി നിയമനം നല്കി എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>എ. ആർ. ക്യാമ്പുകൾ നിർത്തലാക്കുന്ന നടപടി</u>

3054 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസ് എ. ആർ. ക്യാമ്പുകൾ നിർത്തലാക്കാൻ നേരത്തെ കൈക്കൊണ്ട തീരുമാനം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഡി. വൈ. എസ്. പി. മാരുടെ കീഴിൽ എ. ആർ. കാരെ ഉൾപ്പെടുത്തി ഓരോ യൂണിറ്റ് രൂപീകരിക്കാൻ ആലോചനയുണ്ടോ;

(സി) ഇതോടൊപ്പം പോലീസുകാരുടെ ഡ്യൂട്ടി സമയം 8 മണിക്കൂറാക്കി നിജപ്പെടുത്തി അത് ഉറപ്പുവരുത്താനും മതിയായ വിശ്രമസമയം ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>എല്ലാ സ്റ്റേഷനുകളിലും വനിതാ സബ് ഇൻസ്പെക്ടർമാർ</u>

3055 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

പോലീസ് സ്റ്റേഷനുകളിൽ വനിതാ കുറ്റവാളികളുടെയും വനിതാ പോലീസുകാരുടെയും സുരക്ഷ ഉറപ്പാക്കാൻ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഓരോ വനിതാ സബ് ഇൻസ്പെക്ടറെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ?

**കേരള നിയമസഭ**
**13.10.2011-ലെ മറുപടിക്ക്**

<u>സ്റ്റുഡന്റ്സ് പോലീസ്</u>

3056 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സ്റ്റുഡന്റ്സ് പോലീസ് പദ്ധതിയിൽ യൂണിഫോമിനും റിഫ്രഷ്മെന്റിനും അലവൻസ് നൽകാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്</u>

3057 ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.പി.സി. യിൽ അംഗമായിട്ടുള്ള കേഡറ്റുകൾക്ക് സൗജന്യ യൂണിഫോം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന കേഡറ്റുകൾക്ക് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യം നൽകുവാൻ ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന കേഡറ്റുകൾക്ക് ഉന്നതവിദ്യാഭ്യാസത്തിനും സർക്കാർ സർവ്വീസിൽ ജോലി നേടുന്നതിനും ഇളവുകൾ നൽകുവാൻ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവിഷ്ക്കരിക്കുമോ;

(ഡി) പരിശീലനത്തിനുവേണ്ടി അനുവദിക്കുന്ന ഫണ്ട് വിഹിതം കൃത്യമായി ലഭ്യമാകാത്തതു കാരണം സ്കൂളുകളിലെ അദ്ധ്യാപകരിൽ നിന്ന് ചെലവാകുന്ന തുക അടിയന്തിരമായി തിരിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) കേഡറ്റുകൾക്ക് പരിശീലനം നൽകുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

പോലീസ് സ്റ്റേഷനുകളുടെ അധികാരപരിധി

3058 ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍
,, പി.ബി. അബ്ദുള്‍ റസാക്
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

നിയമസഭാ മണ്ഡലങ്ങളുടെ പരിധി പുനര്‍നിര്‍ണ്ണയം ചെയ്ത സാഹചര്യത്തില്‍, പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധി അതാത് നിയമസഭാ മണ്ഡലത്തില്‍പ്പെടുത്തി പുനര്‍നിര്‍ണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

**പോലീസ് സ്റ്റേഷനുകളുടെ കസ്റ്റഡിയിൽ സൂക്ഷിക്കുന്ന വാഹനങ്ങളുടെ ലേലം**

3059 ശ്രീ. സി.പി. മുഹമ്മദ്
'' വി.ഡി. സതീശൻ
'' കെ. ശിവദാസൻ നായർ
'' വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പോലീസ് സ്റ്റേഷനുകളിൽ കസ്റ്റഡിയിൽ വാഹനങ്ങൾ സൂക്ഷിക്കാൻ സ്ഥലമില്ലാത്തത് മൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ നൂറ് കണക്കിന് വാഹനങ്ങൾ നശിച്ചുപോകുന്നത് ഒഴിവാക്കുന്നതിന് കോടതിയുടെ സഹകരണത്തോടെ കണ്ട്കെട്ടി ലേലത്തിൽ വില്ക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സസ്പെൻഷനിലുണ്ടായിരുന്ന പോലീസുകാർ</u>

3060

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പോലീസ് സേനയിൽ ഏതെല്ലാം തസ്തികയിലുള്ള എത്ര പേർ സസ്പെൻഷനിലുണ്ടായിരുന്നു;

(ബി) ഇവരിൽ എത്ര പേരെ ഇതിനകം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്; ഇവരിൽ മൂന്നു പ്രാവശ്യത്തിലധികം സസ്പെൻഷനിലായവരെത്രയാണ് എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>പോലീസുകാർക്ക് കാഷ് ലെസ്സ് മെഡിക്ലെയിം</u>

3061 ശ്രീ.ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസുകാർക്ക് കാഷ് ലെസ്സ് മെഡിക്ലെയിം ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനെകുറിച്ച് ആലോചിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇത് എപ്പോൾ നടപ്പിലാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>അടിയന്തിരാവസ്ഥക്കാലത്ത് ജയിൽവാസം അനുഭവിച്ചവരുടെ ആവശ്യങ്ങൾ സംബന്ധിച്ച് നടപടി</u>

3062 ശ്രീ.എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടിയന്തിരാവസ്ഥക്കാലത്ത് ജയിൽവാസം അനുഭവിച്ചവരുടെ എന്തെങ്കിലും ആവശ്യങ്ങൾ പരിഗണനയ്ക്കായി നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) അടിയന്തിരാവസ്ഥക്കാലത്ത് ജയിൽവാസം അനുഭവിച്ചവർ എന്തെല്ലാം ആനുകൂല്യങ്ങൾ ആണ് ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ; ഇത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ;

(സി) അടിയന്തിരാവസ്ഥ തടവുകാർ പെൻഷൻ ആവശ്യം ഉന്നയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിന്മേലുള്ള നിലപാട് വ്യക്തമാക്കാമോ ;

(ഡി) അടിയന്തിരാവസ്ഥക്കാലത്ത് സംസ്ഥാനത്താകെ എത്ര പേർ ജയിൽവാസം അനുഭവിച്ചു ; ജില്ലതിരിച്ച് കണക്ക് ലഭ്യമാക്കുമോ :

(ഇ) ഒറ്റപ്പാലം താലൂക്കിൽ അടിയന്തിരാവസ്ഥക്കാലത്ത് എത്ര പേർ ജയിൽവാസം അനുഭവിച്ചു ; പ്രസ്തുത വ്യക്തികളുടെ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യ ഭൂമിക്ക് പോലീസ് കാവൽ</u>

3063 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീ. എം. വി. ശ്രേയാംസ് കുമാർ, എം. എൽ. എ. യുടെ കൃഷ്ണഗിരിയിലെ ഭൂമിക്ക് എന്ന് മുതലാണ് പോലീസ് കാവൽ ഏർപ്പെടുത്തിയത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവിടെ പോലീസ് കാവൽ ഏർപ്പെടുത്തിയതിന്റെ ഭാഗമായി ഒരു ദിവസം സർക്കാരിന് എന്ത് ബാധ്യത വരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഈ ബാധ്യത ബന്ധപ്പെട്ട വ്യക്തിയിൽ നിന്ന് ഈടാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഉണ്ട് എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>തടവുകാർ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനുള്ള ശിക്ഷ</u>

3064 ശ്രീ. എം. എ. ബേബി
,, പി. കെ. ഗുരുദാസൻ
,, എ. കെ. ബാലൻ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തടവുകാരുടെ കുറ്റങ്ങളും അതിനു നൽകുന്ന ശിക്ഷകളും സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) തടവുകാരന് സ്വന്തം മൊബൈൽ ഫോൺ ഉപയോഗിക്കാൻ അർഹതയുണ്ടോ; ഇതൊരു പ്രിസൺ കുറ്റമാണോ;

(സി) തടവിൽ കഴിയുന്നയാൾ സ്വന്തം മൊബൈൽ ഫോൺ വഴി തുടർച്ചയായി സന്ദേശങ്ങൾ കൈമാറിയാൽ നൽകാവുന്ന പരമാവധി ശിക്ഷ എന്താണ്;

(ഡി) തടവിൽ കഴിയുന്ന ശ്രീ. ആർ. ബാലകൃഷ്ണപിളള അദ്ദേഹം മാനേജരായിട്ടുളള സ്കൂളിലെ അധ്യാപകൻ ആക്രമണത്തിന് വിധേയനായ ദിവസവും അതിനുശേഷവും അതിനുമുമ്പുമുളള ദിവസങ്ങളിലും അദ്ദേഹത്തിന്റെ മൊബൈൽ ഫോണിൽ നിന്ന് ആരെയെല്ലാം വിളിച്ചിട്ടുളളതായി അന്വേഷണത്തിൽ മനസ്സിലായിട്ടുണ്ട്;

(ഇ) ആയത് സംബന്ധമായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട മാധ്യമ റിപ്പോർട്ടുകൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ശ്രീ. ബാലകൃഷ്ണപിള്ളയ്ക്കെതിരെയുള്ള ആരോപണങ്ങളിൽ അന്വേഷണം</u>

3065 ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ മന്ത്രി ബാലകൃഷ്ണപിള്ളയുടെ ഉടമസ്ഥതയിലുള്ള സ്കൂളിലെ അദ്ധ്യാപകൻ ആക്രമിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) ഈ അദ്ധ്യാപകന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്;

(സി) ഈ അദ്ധ്യാപകൻ ആക്രമിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് ശ്രീ. ബാലകൃഷ്ണപിള്ളക്കെതിരെ ആരോപണം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ; ഇതേക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>ജയിലിൽ നിന്നുള്ള അനധികൃതമായ ഫോൺവിളി</u>

3066 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തടവു ശിക്ഷയനുഭവിക്കപ്പെടുന്നവർക്ക് ജയിലിൽ സ്വന്തം ഫോണുകൾ ഉപയോഗിക്കുന്നതിന് നിയമം അനുവദിക്കുന്നുണ്ടോ;

(ബി) ജയിലിൽ കഴിയുന്ന മുൻമന്ത്രി ബാലകൃഷ്ണപിള്ള സ്വന്തം ഫോണിൽ നിന്നും (9447155555) നിരവധി പ്രമുഖരെ പലദിവസങ്ങളിൽ വിളിച്ചതിനെക്കുറിച്ച് അന്വേഷണം നടക്കുന്നുണ്ടോ; അന്വേഷണത്തിൽ ഇദ്ദേഹം ആരോടൊക്കെ ബന്ധപ്പെട്ടു എന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഫോൺ ചെയ്തതുമായി ബന്ധപ്പെട്ട അന്വേഷണം നടത്തുന്നത് ഏത് ഉദ്യോഗസ്ഥനാണ്; ഈ ഉദ്യോഗസ്ഥൻ ശ്രീ. ബാലകൃഷ്ണപിള്ളയുടെ ശുപാർശപ്രകാരം നിയമനം ലഭിച്ച ഉദ്യോഗസ്ഥനാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തടവുശിക്ഷയനുഭവിക്കുന്ന കാലത്ത് ശ്രീ. ബാലകൃഷ്ണപിളളയുടെ ഫോണിൽനിന്നും വിളിച്ചു എന്ന് ചാനലുകൾ കണ്ടെത്തിയ നമ്പരുകൾ അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഈ അന്വേഷണം കുറ്റമറ്റരീതിയിലാണെന്ന് കരുതുന്നുണ്ടോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

ശ്രീ. ബാലകൃഷ്ണപിള്ളയുടെ ചട്ടവിരുദ്ധമായ ഫോൺവിളി

3067 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തടവിൽ കഴിയുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ള ജയിൽ ചട്ടങ്ങൾക്ക് വിരുദ്ധമായി മൊബൈൽ ഫോൺ വഴി പുറത്തുള്ളവരുമായി സംസാരിച്ചു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ അന്വേഷണം നടത്തുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) തടവിൽ വച്ച് ശ്രീ. ബാലകൃഷ്ണപിള്ള ഉപയോഗിച്ചതായി പറയപ്പെടുന്ന മൊബൈൽ ഫോൺ അന്വേഷണ ഉദ്യോഗസ്ഥരോ ബന്ധപ്പെട്ട അധികാരികളോ പിടിച്ചെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) ഉന്നയിക്കപ്പെട്ട കാര്യങ്ങളിൽ വ്യക്തത വരുത്താൻ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ മൊബൈൽ ഫോൺ (9447155555) കസ്റ്റഡിയിലെടുത്ത് ശാസ്ത്രീയമായ രീതിയിൽ അന്വേഷണം നടത്തി വസ്തുത തെളിയിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള അനധികൃതമായി ഗവൺമെന്റ് ചീഫ് വിപ്പിനെ ഫോൺ ചെയ്തത് സംബന്ധിച്ച് അന്വേഷണം</u>

3068 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തടവിൽ കഴിയുന്നവർ ജയിലധികൃതരുടെ അറിവോടെയല്ലാതെ പുറത്തുള്ളവരുമായി ഫോണിൽ സംസാരിച്ചാൽ ലഭിക്കാവുന്ന ശിക്ഷയെക്കുറിച്ച് വിശദമാക്കാമോ ;

(ബി) തടവിൽ കഴിയുന്ന സമയത്ത് മുൻമന്ത്രി ആർ. ബാലകൃഷ്ണപിള്ളയുടെ ഫോണിൽ നിന്ന് തന്റെ ഫോണിലേക്ക് വിളിച്ചതായി ഗവൺമെന്റ് ചീഫ് വിപ്പ് പ്രതികരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതേക്കുറിച്ച് സർക്കാർ അന്വേഷണം നടന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപകനെ ആക്രമിച്ച സംഭവം</u>

3069 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻമന്ത്രി ആർ. ബാലകൃഷ്ണപിള്ളയുടെ ഉടമസ്ഥതയിലുള്ള സ്കൂളിലെ അദ്ധ്യാപകൻ ആക്രമിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് ശ്രീ. ബാലകൃഷ്ണപിള്ളക്കെതിരെയുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അദ്ധ്യാപകൻ ആക്രമിക്കപ്പെട്ടതിന്റെ സമീപ ദിവസങ്ങളിൽ ശ്രീ. ബാലകൃഷ്ണപിള്ള തടവിൽ കഴിയവെ സ്വന്തം മൊബൈലിൽ നിന്ന് നിരവധി തവണ നിയമവിരുദ്ധമായി ഫോണിൽ പലരുമായും സംസാരിച്ചതിനെക്കുറിച്ച് മാധ്യമങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതേക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ലഭ്യമായ വിവരങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

സിസ്റ്റർ മേരി ആൻസിയുടെ മരണം സംബന്ധിച്ച് അന്വേഷണം

3070 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ആർ. സെൽവരാജ്
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൂങ്കുളം കോൺവെന്റിലെ സിസ്റ്റർ മേരി ആൻസിയെ ഭൂഗർഭജല സംഭരണിയിൽ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവം സംബന്ധിച്ച് പോലീസ് അന്വേഷണം നടക്കുന്നുണ്ടോ; കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഏതെങ്കിലും കുറ്റവാളിയെ കണ്ടെത്തിയിട്ടുണ്ടോ; ആരെയെങ്കിലും അറസ്റ്റ് ചെയ്യുകയുണ്ടായോ; എത്ര പേരെ ചോദ്യം ചെയ്യുകയുണ്ടായി;

(സി) സിസ്റ്റർ മേരിയുടെ രക്ഷിതാക്കൾ പോലീസ് അന്വേഷണം സംബന്ധിച്ച് ഉന്നയിച്ച പരാതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

പീഡനക്കേസിലെ പ്രതിയെ അറസ്റ്റ് ചെയ്യാൻ നടപടി

3071 ശ്രീ. വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് വടക്കഞ്ചേരി മുലഞ്ഞാട മഞ്ഞപ്ര പ്രദേശക്കാരിയായ സ്ത്രീയുടെ 14 വയസ്സുള്ള മകളെ, അവരുടെ കാമുകൻ സെൽവൻ ബലാൽസംഗം ചെയ്തത് സംബന്ധിച്ച പരാതിയിന്മേൽ കേസ് എടുക്കാത്ത ആലത്തൂർ ഡി.വൈ.എസ്.പി. യെ ക്കുറിച്ചും ഡി.വൈ.എസ്. പി ഓഫീസിലെ പോലീസുകാരെക്കുറിച്ചും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി എടുത്തിട്ടുണ്ട്;

(ബി) പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടൻ അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) മൈനറായ പെൺകുട്ടിയെ അറസ്റ്റു ചെയ്ത് മെഡിക്കൽ പരിശോധന നടത്തിയിട്ടുണ്ടോ; ആരുടെ പ്രേരണയിലാണ് ഇങ്ങനെ ചെയ്തത്;

(ഡി) പ്രതി കുട്ടിയെ കടത്തിക്കൊണ്ടുപോയതായ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് എന്തു നടപടി സ്വീകരിച്ചു;

(ഇ) കുട്ടിയെ കടത്തികൊണ്ടുപോകുന്നതു കണ്ട അമ്മയെ പ്രതി മർദ്ദിച്ച സംഭവം അന്വേഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(എഫ്) പരാതി കിട്ടിയിട്ടും കുട്ടിയെ മെഡിക്കൽ പരിശോധന നടത്താതിരുന്ന ഡി.വൈ.എസ്.പി.യുടെയും എസ്.പി. യുടെയും പേരിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ;

(ജി) കേസ് എടുത്ത് അന്വേഷിക്കാത്ത അക്കാലത്തെ ഡി.വൈ.എസ്.പി, എസ്.പി എന്നിവരുടെ പേരിൽ ഉടൻ നടപടി എടുക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ കോടതിയോടനുബന്ധിച്ച് പുതിയ ബ്ലോക്ക്</u>

3072 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കോടതിയോടനുബന്ധിച്ച് പുതുതായി ഒരു ബ്ലോക്ക് നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര നില കെട്ടിടമാണ് നിർമ്മിക്കുന്നത് ;

(സി) നിർമ്മാണത്തിന് കണക്കാക്കിയിരിക്കുന്ന തുകയെത്രയാണ് ;

(ഡി) എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത കെട്ടിടത്തിൽ ഒരുക്കുന്നതിന് ആലോചിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>തടവിൽ കഴിയുന്ന വ്യക്തിക്ക് ഫോൺ അനുവദിച്ച നടപടി</u>

3073 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തടവിൽ കഴിയുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ ചികിത്സയ്ക്കായി ആശുപത്രിയിൽ പ്രവേശിപ്പിച്ച മുറിയിൽ പുറത്തുള്ളവരുമായി ബന്ധപ്പെടാൻ സൗകര്യമുള്ള ലാന്റ് ഫോൺ നൽകിയിരുന്നോ;

(ബി) എങ്കിൽ ഇത് ജയിൽ ചട്ടത്തിന് വിരുദ്ധമാണോയെന്ന് വിശദമാക്കാമോ;

(സി) ഈ ഫോണിൽ നിന്ന് അദ്ദേഹം തടവിൽ കഴിയുന്ന അവസരങ്ങളിൽ പുറത്തേക്ക് വിളിച്ചത് ഏതൊക്കെ നമ്പരിലേക്കാണ് എന്ന് വിശദമാക്കുമോ;

(ഡി) ഈ ഫോണിൽ നിന്ന് മന്ത്രിമാരെ വിളിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

ടി. വി. റിപ്പോർട്ടറെ മർദ്ദിച്ച സംഭവം

3074 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ എഫ്.സി.ഐ. ഗോഡൗണിൽ അരി കെട്ടിക്കിടക്കുന്നത് റിപ്പോർട്ട് ചെയ്യുവാനെത്തിയ അമൃത ടി.വി. റിപ്പോർട്ടർ രാജീവിനെ 2011 ജൂൺ 18-ാം തീയതി ഗോഡൗൺ മാനേജർ ആക്രമിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് മാനേജർക്കെതിരെ കേസ് ചാർജ് ചെയ്തിരിക്കുന്നത് ;

(സി) ഇതു സംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലാണ് ; അന്വേഷണം പൂർത്തിയായിട്ടുണ്ടോ ;

(ഡി) മാനേജർക്കെതിരെ ക്രൈം കേസ് രജിസ്റ്റർ ചെയ്ത വിവരം എഫ്.സി.ഐ. യുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ടോ ;

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ഗ്രാമീണ സൂപ്പർമാർക്കറ്റ് തട്ടിപ്പ്</u>

3075 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ സൂപ്പർമാർക്കറ്റിന്റെ പേരിൽ കാസർഗോഡ് ജില്ലയിൽ കോടികളുടെ തട്ടിപ്പ് നടത്തി ജനങ്ങളെ കബളിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും ആരൊക്കെയാണ് പ്രതികൾ എന്നും വിശദമാക്കുമോ ;

(സി) പ്രതികളുടെ സ്വത്തുക്കൾ കണ്ടുകെട്ടിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

വനിതാ ഡോക്ടറെ കൈയേറ്റം ചെയ്ത പരാതി

3076 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി നിയോജകമണ്ഡലത്തിൽ വനിതാ ഡോക്ടറെ ചില രാഷ്ട്രീയ നേതാക്കളും സാമൂഹികവിരുദ്ധരും ചേർന്ന് കൈയേറ്റം ചെയ്തതുമായി ബന്ധപ്പെട്ട കേസ്സിന്റെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>യൂണിവേഴ്സിറ്റി കോളേജിലേയ്ക്ക് കണ്ണീർവാതകപ്രയോഗം നടത്തിയതിന്റെ വിശദാംശം</u>

3077 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലേയ്ക്ക് എത്ര തവണ പോലീസ് കണ്ണീർവാതകപ്രയോഗം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വിവിധ ദിവസങ്ങളിലായി എത്ര ഷെല്ലുകളും, എത്ര ഗ്രനേഡുകളും പ്രയോഗിച്ചുവെന്ന് തീയതിസഹിതം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിലെ കൊലപാതക കേസുകൾ

3078 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്ത കൊലപാതക ക്കേസുകളിൽ കോടതിയിൽ സമർപ്പിക്കാൻ ബാക്കിയുള്ളവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കേസുകളിൽ ഓരോന്നിന്റെയും അന്വേഷണച്ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ കേസുകൾ രജിസ്റ്റർ ചെയ്ത തീയതികൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>വാണിജ്യനികുതി ജീവനക്കാരെ ആക്രമിച്ചതിനെതിരെ നടപടി</u>

3079

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നികുതി വെട്ടിച്ച് കോഴി കടത്തുന്നത് പിടിക്കാനെത്തിയ കാസർഗോഡ് വാണിജ്യ നികുതി ഓഫീസിലെ ജീവനക്കാരെ, ചട്ടഞ്ചാൽ വെച്ച് ആക്രമിച്ച് മാരകമായി പരിക്കേല്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ സംഭവത്തിൽ ആർക്കൊക്കെയാണ് പരിക്കേറ്റതെന്നും എത്ര ദിവസം വിവിധ ആശുപത്രികളിലായി ചികിത്സ തേടിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) സംഭവം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ആരൊക്കെയാണ് പ്രതികൾ എന്നും അറിയിക്കാമോ;

(ഡി) പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ഇനി അറസ്റ്റ് ചെയ്യാനുള്ള പ്രതികൾ ആരൊക്കെയാണ്; ഇവരുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) മേൽ സംഭവത്തിലെ പ്രതികളുടെ പേരിൽ മറ്റേതെങ്കിലും കേസുകൾ ഇതിനു മുൻപോ ശേഷമോ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(എഫ്) കൃത്യനിർവ്വഹണത്തിനിടെ മാരകമായി ആക്രമിച്ച് പരിക്കേല്പിച്ചവർക്കെതിരെ നിസ്സാര വകുപ്പുകൾ ഉൾപ്പെടുത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന ആക്ഷേപം ജീവനക്കാരുടെ ഇടയിൽ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഉദ്യോഗസ്ഥരുടെ മനോവീര്യം കെടുത്തുന്ന രീതിയിലുള്ള ഇത്തരം സംഭവങ്ങൾ ഗൗരവമായി എടുക്കുന്ന

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>പീഡനത്തിനെതിരെ നിയമ നടപടി</u>

3080 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജക മണ്ഡലത്തിൽ വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന ഏങ്ങണ്ടിയൂർ സ്വദേശിനിയായ മണി എന്ന സ്ത്രീയെ ജോയി എന്നയാൾ പീഡിപ്പിക്കാൻ ശ്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ത്രീയുടെ പരാതിയിന്മേൽ നടപടി എടുക്കാതിരുന്ന വാടാനപ്പള്ളി പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്ക് എതിരെ എന്തെങ്കിലും ശിക്ഷാ നടപടികൾ സ്വീകരിച്ചുവോ;

(സി) സംഭവത്തിലെ പ്രതിക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>അങ്കമാലി നിയോജക മണ്ഡലത്തിലെ</u>
<u>ഗുണ്ടാലിസ്റ്റിൽ ഉൾപ്പെട്ടവരുടെ വിശദാംശം</u>

3081 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ ഗുണ്ടാ ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അങ്കമാലിയിൽ എത്രപേരെ ഗുണ്ടാലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; ഇവരുടെ പേരുവിവരങ്ങൾ വെളിപ്പെടുത്താമോ;

(സി) പോലീസ് സ്റ്റേഷനിൽ നിന്ന് ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നിർദേശം ഉണ്ടായിട്ടും ലിസ്റ്റിൽപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിർദ്ദേശിക്കപ്പെട്ട വ്യക്തികളെ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>ഫറോക്ക് ഗണപത് ഹൈസ്കൂൾ ഭൂമി
തട്ടിയെടുത്തതിനെതിരെ നടപടി</u>

3082 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഫറോക്ക് ഗണപത് ഹൈസ്കൂൾ വക ഭൂമി തട്ടിയെടുക്കുന്നതുമായി ബന്ധപ്പെട്ട്, ഉദ്യോഗസ്ഥ തലത്തിലുണ്ടായ വീഴ്ചകൾ അന്വേഷിച്ച അഡീഷണൽ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കുറ്റവാളികളുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് പോലീസിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;:

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ഗണപത് സ്കൂള്‍ ആക്രമണത്തിനെതിരെ നടപടി</u>

3083 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഫറോക്ക് ഗവണ്‍മെന്റ് ഗണപത് സ്കൂള്‍ കോമ്പൗണ്ടില്‍ അതിക്രമിച്ച് കയറി കെട്ടിടവും ഫര്‍ണിച്ചറും പൊളിച്ച് കടത്തിക്കൊണ്ട് പോയ സംഭവത്തില്‍ ക്രൈം നമ്പര്‍ 79/2007 കേസ് രജിസ്റ്റര്‍ ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(സി) പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കില്‍ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

ഗുണ്ടാ ആക്രമത്തിൽ രാജേഷ് കൃഷ്ണൻ കൊല ചെയ്യപ്പെട്ട സംഭവം

3084 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ വച്ച് ഗുണ്ടകളുടെ ആക്രമണത്താൽ കൊല ചെയ്യപ്പെട്ട രാജേഷ് കൃഷ്ണന്റെ കൊലപാതകത്തിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ബി) ഈ പ്രതികൾ മറ്റേതെല്ലാം കേസുകളിൽ പ്രതികളാണ്;

(സി) കൊല ചെയ്യപ്പെട്ട രാജേഷ് കൃഷ്ണന്റെ കുടുംബത്തിന് സ്വന്തമായി കിടപ്പാടമോ സ്ഥലമോ ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ കുടുംബത്തിന് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യാൻ നടപടി</u>

3085 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട പോലീസ് സ്റ്റേഷനിലെ ക്രൈം -953/20064/ട.379, 419, 420, 34 ഐ.പി.സി. എന്ന കേസിലെ പ്രതികൾ ആരൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ;

(സി) ഈ കേസിലെ പ്രതികളെ അറസ്റ്റ് ചെയ്ത് അനന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഈ കേസുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായ ഉദ്യോഗസ്ഥർ നിരപരാധികളും അന്വേഷണം അട്ടിമറിച്ചത് ഐ.പി.എസ്. ഉദ്യോഗസ്ഥനും എന്ന തലക്കെട്ടിൽ 2011 ആഗസ്റ്റ് മാസം 31-ന് പത്രങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

തിരുവല്ല പോലീസ് സബ് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. ജി. സന്തോഷ്കുമാറിന്റെ സസ്പെൻഷൻ

3086 ശ്രീ. പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല പോലീസ് സബ് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. ജി. സന്തോഷ്കുമാറിനെ സസ്പെൻഡ് ചെയ്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സസ്പെൻഷൻ ഉത്തരവിൽ ടിയാനെതിരെയുള്ള കൃത്യവിലോപമോ കുറ്റമോ എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സസ്പെൻഷനായി ആറ് മാസക്കാലമായിട്ടും ടിയാന് കുറ്റാരോപണമെമ്മോ നൽകാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) ചെയ്ത കുറ്റം എന്തെന്നോ കേസന്വേഷണത്തിൽ വരുത്തിയിട്ടുള്ള വീഴ്ചയോ പോരായ്മയോ എന്താണെന്നോ ടിയാനെ നാളിതുവരെ അറിയിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ ഈ കേസിന് മുമ്പ് എന്തെങ്കിലും ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ശിക്ഷാ നടപടികൾ മൂലം ടിയാന്റെ പ്രൊമോഷൻ നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) തന്റേതല്ലാത്ത കാരണത്താൽ സസ്പെൻഷൻ നടപടികൾ നേരിട്ടതുമൂലം ഉണ്ടായ പോരായ്മകൾ പരിഹരിച്ച് അർഹമായ പ്രൊമോഷൻ നൽകി ടിയാനെ തിരികെ സർവ്വീസിൽ പ്രവേശിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>എടപ്പാൾ കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ</u>

3087 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

അപകടങ്ങളും കുറ്റകൃത്യങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ചങ്ങരംകുളം, പൊന്നാനി പോലീസ് സ്റ്റേഷനുകളെ വിഭജിച്ചുകൊണ്ട് എടപ്പാൾ കേന്ദ്രീകരിച്ച് പുതിയ ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന് കെട്ടിടം

3088 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത എത്ര പോലീസ് സ്റ്റേഷനുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര പോലീസ് സ്റ്റേഷനുകൾ ഉണ്ട്; അവയുടെ പേര് വിവരം വ്യക്തമാക്കുമോ;

(സി) പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടമുണ്ടാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

തൃത്താല പോലീസ് സ്റ്റേഷന് സ്ഥലവും കെട്ടിടവും അനുവദിക്കാൻ നടപടി

3089 ശ്രീ. വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃത്താല പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടത്തിലെ സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) സ്ഥലം അനുവദിച്ചിട്ടുണ്ടെങ്കിൽ അവിടെ കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) നിലവിൽ തൃത്താല പോലീസ് സ്റ്റേഷൻ വളപ്പിൽ സൂക്ഷിച്ചിരിക്കുന്ന കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങളും പോലീസ് പിടിച്ചെടുത്ത മണലും ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽകൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ബേപ്പൂർ പോലീസ് സ്റ്റേഷന് കെട്ടിടം</u>

3090

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ് സ്റ്റേഷന് സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കാൻ നടപടി കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>കല്ലമ്പലം പോലീസ് സ്റ്റേഷന് ഭരണാനുമതി</u>

3091 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ ഉൾപ്പെട്ട കല്ലമ്പലം പോലീസ് സ്റ്റേഷന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കരവാരം ഗ്രാമപഞ്ചായത്തിൽ തറക്കല്ലിട്ടതായി അറിയാമോ ;

(ബി) ഈ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്ന ഏജൻസി ഏതാണ് എന്ന് വ്യക്തമാക്കുമോ ; പദ്ധതിയുടെ അടങ്കൽ തുക എത്രയാണ് ;

(സി) പ്രസ്തുത നിർമ്മാണത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാലാവധി എത്രയാണ് ;

(ഡി) ഇതിന് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ ആരാണ് ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

പെരുമ്പടവിൽ പോലീസ് സ്റ്റേഷൻ

3092 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ പെരുമ്പടവിൽ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി വകുപ്പുതലത്തിൽ അന്വേഷണം നടത്തി കെട്ടിടസൗകര്യം ഒരുക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തൊട്ടടുത്ത പോലീസ് സ്റ്റേഷനുകളിൽ നിന്നും 22-30 കി. മീറ്ററുകൾ ദൂരെയുള്ള പെരുമ്പടവിൽ കെട്ടിട സൗകര്യം നാട്ടുകാർ ഒരുക്കുന്ന സാഹചര്യത്തിൽ അടിയന്തിരമായി പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ചേളാരി പഞ്ചായത്ത് കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷന്‍</u>

3093 ശ്രീ. കെ.എന്‍.എ. ഖാദര്‍

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

വള്ളിക്കുന്ന് മണ്ഡലത്തിലെ ചേളാരി പഞ്ചായത്ത് കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സ്റ്റേഷന്‍ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിന്റെ ആവശ്യകതയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; പ്രസ്തുത പോലീസ് സ്റ്റേഷന്‍ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>അനധികൃത മണൽ വാരലിനെതിരെ നടപടി</u>

3094 ശ്രീ. പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തന്റെ പേരിലുള്ള നിലത്തിൽ നിന്നും അനധികൃതമായി മണൽ വാരുന്നു എന്ന് ശ്രീമാൻ വി.സി. സഖറിയ 31-8-2011-ൽ പുളിക്കീഴ് സബ് ഇൻസ്പെക്ടർ മുമ്പിലും 15-9-2011-ൽ തിരുവല്ല ഡി.വൈ.എസ്.പി.യ്ക്കും നൽകിയ പി1/277/11/റ്റി.എസ്.എൻ തീയതി 15-9-2011 നമ്പർ പരാതിയിന്മേൽ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തി പ്രതികൾ ആരൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ അവരുടെ പേരിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പരാതി സ്ഥലത്ത് രാത്രികാലങ്ങളിൽ നൈറ്റ് പട്രോളിംഗ്/കാവൽ പോലീസിനെ നിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

## പന്തീരാങ്കാവിൽ പോലീസ് സ്റ്റേഷൻ

3095 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നല്ലളം പോലീസ് സ്റ്റേഷന്റെ അധികാര പരിധി വളരെ കൂടുതലായതിനാൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്റ്റേഷന്റെ പരിധി വിഭജിച്ച് പന്തീരാങ്കാവിൽ പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലാ ആംഡ് റിസർവ്വ് പോലീസുകാരുടെ സ്ഥലം മാറ്റം</u>

3096 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആംഡ് റിസർവ്വ് വനിതാ പോലീസുകാരുടെയും പുരുഷ പോലീസുകാരുടെയും സ്ഥലമാറ്റ കാര്യത്തിൽ സർവ്വീസ് സംബന്ധമായ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ ;

(ബി) എങ്കിൽ അവ പരിഹരിച്ച് പ്രസ്തുത സ്ഥലം മാറ്റ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>വനിതാ പോലീസുകാർക്ക് മാതൃജില്ലകളിലേക്ക് സ്ഥലം മാറ്റം</u>

3097 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനിതാ പോലീസുകാർക്ക് മാതൃജില്ലകളിലേക്ക് സ്ഥലം മാറ്റം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ ;

(സി) ഇത് എപ്പോൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലാ ആംഡ് റിസർവ്വ് സീനിയോറിറ്റി</u>

3098 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-11 വർഷത്തിൽ കൊല്ലം ജില്ലാ ആംഡ് റിസർവ്വിൽ അന്തർ ജില്ലാ സ്ഥലംമാറ്റ ഉത്തരവിന് ശേഷം കൊല്ലം എ. ആർ ക്യാമ്പിലേക്ക് ജോലിയിൽ പ്രവേശിച്ചവർ എത്ര പേരുണ്ടെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ജോലിയിൽ പ്രവേശിക്കാത്തവരെ ഒഴിവാക്കി സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് അർഹരായവരെ പരിഗണിക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>പോലീസുകാരുടെ യാത്രാബത്ത കുടിശ്ശിക</u>

3099 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ശമ്പളപരിഷ്ക്കരണത്തിലെ പോലീസുകാരുടെ യാത്രാബത്താ 'സീലിംഗ്' എത്രയാണ് ;

(ബി) പുതിയ ശമ്പളപരിഷ്ക്കരണമനുസരിച്ചുള്ള യാത്രാബത്ത ലഭ്യമാകുന്നതിന് പ്രത്യേക ഉത്തരവ് ആവശ്യമുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ജില്ലാ ഓഫീസുകളിൽ ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) ഇപ്രകാരം കണ്ണൂർ ജില്ലയിൽ പോലീസുകാരുടെ ടി.എ. മാറിയിട്ടുണ്ടോ ; ഏതു കാലയളവുവരെയുള്ള യാത്രാബത്തയാണ് മാറിയിട്ടുള്ളത് ;

(ഡി) കുടിശ്ശിക ടി.എ. എന്നത്തേക്കു വിതരണം ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>പോലീസ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി തെരഞ്ഞെടുപ്പ്</u>

3100 ശ്രീ. പാലോട് രവി
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പോലീസ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം:റ്റി 696 തെരഞ്ഞെടുപ്പിൽ വ്യാജ ഐഡന്റിറ്റി കാർഡ് ഉണ്ടാക്കി കള്ളവോട്ട് നടത്തിയതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ:

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് മ്യൂസിയം പോലീസ് സ്റ്റേഷനിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) സ്റ്റേഷനിലെ അന്വേഷണ ഉദ്യോഗസ്ഥൻ എന്തെങ്കിലും വീഴ്ച വരുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത അന്വേഷണ ഉദ്യോഗസ്ഥൻ ഇപ്പോൾ എവിടെയാണ് ജോലി ചെയ്യുന്നത്;

(ഇ) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ആരുടെയെങ്കിലും പേരിൽ നടപടി എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>എ. ആർ പോലീസ് ഉദ്യോഗസ്ഥരുടെ പ്രവേശന തീയതി</u>

3101 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി സിറ്റി പോലീസിന്റെ കീഴിൽ വരുന്ന എ.ആർ പോലീസ് ഉദ്യോഗസ്ഥരിൽ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും 12.03.2003 ൽ സർവ്വീസിൽ പ്രവേശിച്ചതുമായ എത്ര ജീവനക്കാർ ഉണ്ട്; അവരുടെ പേരുവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതും 12.03.2003-ൽ സർവ്വീസിൽ പ്രവേശിച്ചതുമായ ജീവനക്കാരുടെ പേരുവിവരം ലഭ്യമാക്കുമോ;

(സി) ഇപ്രകാരം സർവ്വീസിൽ പ്രവേശിച്ച പോലീസ് ഉദ്യോഗസ്ഥരുടെ പ്രവേശന തീയതി സർവ്വീസ് ബുക്കിൽ വ്യത്യസ്തമായി രേഖപ്പെടുത്താൻ ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ;

(ഡി) ആയത് സർവ്വീസിൽ പ്രവേശിച്ച തീയതി ആക്കി രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>പോലീസ് വകുപ്പിലെ ഡ്രൈവര്‍മാരുടെ ഒഴിവുകളുടെ വിശദാംശം</u>

3102 ശ്രീ. എ. കെ. ശശീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന പോലീസ് വകുപ്പിനു കീഴില്‍ എത്ര വാഹനങ്ങള്‍ ഉണ്ട്; ഓരോ വാഹനത്തിനും എത്ര ഡ്രൈവര്‍മാരെയാണ് നിയമിക്കാന്‍ വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ പോലീസില്‍ എത്ര ഡ്രൈവര്‍മാരുടെ തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കാമോ; ഇവരുടെ ജില്ല, സ്പെഷ്യല്‍ യൂണിറ്റ് എന്നിവയിലെ കണക്ക് വെളിപ്പെടുത്താമോ;

(സി) പത്തനംതിട്ട, ആലപ്പുഴ, കൊല്ലം എന്നീ പോലീസ് സൂപ്രണ്ടുമാരുടെയും കൊല്ലം സിറ്റി പോലീസ് കമ്മീഷണറുടേയും കീഴില്‍ നിലവില്‍ എത്ര ഡ്രൈവര്‍മാരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) 2012 ഏപ്രില്‍ മാസത്തില്‍ ആകെ എത്ര ഒഴിവുകളാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>കെ. എ. പി - 5 ബറ്റാലിയനിലെ ഒഴിവുകൾ</u>

3103

ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് കോട്ടയം, ഇടുക്കി കെ. എ. പി - 5 ബറ്റാലിയനിൽ നിലവിലുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേരെ നിയമിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) ജനമൈത്രീ പോലീസ് സംവിധാനത്തിന്റെ ഭാഗമായി സൃഷ്ടിച്ച പോലീസ് ഒഴിവിന്റെ അടിസ്ഥാനത്തിൽ കെ. എ. പി. - 5 ബറ്റാലിയനിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(സി) ഈ ഒഴിവുകൾ പി. എസ്. സി. യിൽ റിപ്പോർട്ട് ചെയ്തോ; ഇവ റിപ്പോർട്ട് ചെയ്യുന്നതിലുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; ഒഴിവുകൾ എന്ന് റിപ്പോർട്ട് ചെയ്യുമെന്ന് അറിയിക്കുമോ;

(ഡി) നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കുമെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>പോലീസ് ഡ്രൈവർമാരുടെ ഒഴിവുകൾ</u>

3104 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എ.പി. 3 ബറ്റാലിയനിൽ നിലവിൽ ഡ്രൈവർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) 2012 ഏപ്രിൽ 1 ന് എത്ര ഒഴിവുകൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) നിയമന നടപടി ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലാ ആംഡ് റിസർവ് ക്യാമ്പിലെ ഒഴിവുകൾ</u>

3105 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആംഡ് റിസർവ് ക്യാമ്പിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്ത് നിയമതടസ്സമാണുള്ളത്;

(സി) നിലവിലുള്ള തടസ്സങ്ങൾ നീക്കം ചെയ്തു ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

കൊട്ടാരക്കര റൂറൽ മേഖലയിൽ വനിതാ പോലീസ് നിയമനം

3106 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര റൂറൽ പോലീസ് ജില്ലയിൽ വനിതാസെല്ലിൽ ആവശ്യമായ വനിതാ എച്ച്.സി.മാരുടേയും കോൺസ്റ്റബിൾമാരുടെയും അഭാവം മൂലം ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ ആവശ്യത്തിന് വനിതാ പോലീസ് തസ്തികസൃഷ്ടിക്കുന്നതിനുള്ള ഫയൽ തീരുമാനമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കൊട്ടാരക്കര റൂറൽ പോലീസ് ജില്ലയിൽ ആവശ്യത്തിന് വനിതാ ഹെഡ് കോൺസ്റ്റബിൾമാരേയും കോൺസ്റ്റബിൾമാരേയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>പോലീസിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നവരുടെ വിശദാംശം</u>

3107

## ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് സേനയിലെ പോലീസ് ഹെഡ് ക്വാർട്ടേഴ്സ് എസ്. ബി. സി. ഐ. ഡി., സി. ബി. സി. ഐ. ഡി, വി. എ. സി. ബി, പി. റ്റി. സി., എസ്. സി. ആർ. ബി., കേരള പോലീസ് അക്കാഡമി, കെ. പി. എച്ച്. സി. സി., കേരളാ റെയിൽവേ പോലീസ്, കെ. എസ്. ഇ. ബി. വിജിലൻസ്, കെ. പി. എസ്. സി. വിജിലൻസ്, ദേവസ്വം ബോർഡ് വിജിലൻസ്, ലോകായുക്ത ഇൻവെസ്റ്റിഗേഷൻ വിംഗ്, സ്റ്റേറ്റ് വിമൻസ് സെൽ, ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ ഇൻവെസ്റ്റിഗേഷൻ വിംഗ്, മറൈൻ എൻഫോഴ്സ്മെന്റ് എന്നീ യൂണിറ്റുകളിൽ മൂന്നു വർഷത്തിൽ കൂടുതൽ തുടർച്ചയായോ അല്ലാതെയോ വർക്കിംഗ് അറേഞ്ച്മെന്റ് / ട്രാൻസ്ഫർ / ഡെപ്യൂട്ടേഷൻ എന്നീ ഏതെങ്കിലും ഉത്തരവുകൾ പ്രകാരം പ്രസ്തുത യൂണിറ്റുകളിലോ യൂണിറ്റുകൾക്ക് കീഴിലുള്ള വിവിധ വിഭാഗങ്ങളിലോ നാളിതുവരെ ജോലി നോക്കി വരുന്നതായ പോലീസ് കോൺസ്റ്റബിൾ / ഡ്രൈവർ മുതൽ സബ് ഇൻസ്പെക്ടർ വരെയുള്ള ആംഡ് പോലീസ് ബറ്റാലിയൻ, ഡിസ്ട്രിക്ട് ആംഡ് റിസർവ്വ്, ലോക്കൽ പോലീസ് (ജനറൽ എക്സിക്യൂട്ടീവ്) വിഭാഗങ്ങളിൽപ്പെട്ട എത്ര പേരുണ്ട്;

(ബി) ഇവർക്ക് ജനറൽ ട്രാൻസ്ഫർ ബാധകമാണോ; ആണെങ്കിൽ ഇവരെ പേരന്റ് യൂണിറ്റുകളിലേയ്ക്ക് മാറ്റി നിയമിക്കുമോ;

(സി) ഓരോ പോലീസ് ജില്ലയിലേയും ഡി. സി. ആർ. ബി., നാർക്കോട്ടിക് സെൽ, ക്രൈം ഡിറ്റാച്ച്മെന്റ്, ഡിസ്ട്രിക്ട് സ്പെഷ്യൽ ബ്രാഞ്ച് ജില്ലാ പോലീസ് മേധാവികളുടെ ഓഫീസുകൾ എന്നിവിടങ്ങളിൽ

**കേരള നിയമസഭ**
**13.10.2011-ലെ മറുപടിക്ക്**

വർക്കിംഗ് അറേഞ്ച്മെന്റ് / ട്രാൻസ്ഫർ മുഖാന്തിരം മൂന്ന് വർഷത്തിൽ കൂടുതൽ തുടർച്ചയായോ അല്ലാതെയോ ജോലി ചെയ്യുന്ന കോൺസ്റ്റബിൾ മുതൽ സബ് ഇൻസ്പെക്ടർ വരെ റാങ്കുകളിൽപ്പെട്ട എത്ര പേരുണ്ട്; ഇവരെ മാറ്റി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കേരളാ പോലീസ് സേനയിലേയ്ക്ക് ഒരുപോലെ ബേസിക് ട്രെയിനിംഗ് പൂർത്തിയാക്കി വരുന്ന വിവിധ തസ്തികകളിലുള്ള സേനാംഗങ്ങൾ എല്ലാ ഡ്യൂട്ടികളും ചെയ്യുന്നതിന് പ്രാപ്തരാണെങ്കിലും ഒരു വിഭാഗം സ്ഥിരമായി പ്രസ്തുത സ്പെഷ്യൽ യൂണിറ്റുകളിൽ ഏറെ ബുദ്ധിമുട്ടുകളില്ലാതെ സർവ്വീസ് പൂർത്തിയാക്കുമ്പോൾ മറ്റൊരു വിഭാഗം വലിയ പരാധീനതകളിലും സമയക്രമമില്ലാതെയും പോലീസ് സ്റ്റേഷനുകളിലും ക്യാമ്പുകളിലും മാത്രം ജോലി നോക്കുവാൻ നിർബന്ധിതരാകുന്നതിലൂടെ അവരുടെ ജീവിത നിലവാരം തകരുകയും പോലീസ് പൊതുജന ബന്ധം മെച്ചപ്പെടാത്തതും ക്രിമിനൽവൽക്കരണം വർദ്ധിക്കുന്നതിനും ആത്മവീര്യം നഷ്ടപ്പെടുന്നതിനും കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിഹാര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം</u>

3108

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം ലഭിക്കുന്നതിന് മുൻസർക്കാരിന്റെ കാലത്ത് ലഭിച്ച അപേക്ഷകളിൽ ഇനിയും തീർപ്പാവാതെ നിൽക്കുന്ന അപേക്ഷകൾ കൊയിലാണ്ടി മണ്ഡലത്തിൽപ്പെട്ടത് എത്രയുണ്ട് എന്ന് വ്യക്തമാക്കുമോ; പ്രസ്തുത അപേക്ഷകരുടെ പേര്, വിലാസം അടങ്ങിയ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ; ഇവ എപ്പോൾ തീർപ്പാക്കുമെന്നും സഹായ ധനം എപ്പോൾ വിതരണം ചെയ്യുമെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായധനത്തിനായി കൊയിലാണ്ടി മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഇതിന്റെ പഞ്ചായത്ത് തിരിച്ചുള്ള പേര് വിവരപ്പട്ടിക ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായ നടപടി</u>

3109 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വട്ടംകുളം പഞ്ചായത്തിലെ ജി. ജെ. ബി. എൽ.പി. സ്കൂൾ രണ്ടാം ക്ലാസ് വിദ്യാർത്ഥിയായ, കുറ്റിയാട്ടിൽ റിയാസിന്റെ മകൻ മുഹമ്മദ് റിൻഷാദ് എന്ന കുട്ടിയും, കാലടി പഞ്ചായത്തിലെ എ. യു. പി. സ്കൂൾ വെരൂറിൽ ആറാം ക്ലാസ് വിദ്യാർത്ഥിയായ മുഹമ്മദ് റാഷിദ് എന്ന കുട്ടിയും 9.7.2011 ന് കാലവർഷത്തിൽ വെള്ളം നിറഞ്ഞ് നിൽക്കുകയായിരുന്ന കുഴിയിൽ അബദ്ധത്തിൽ വീണ് മരിച്ചിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിക്കുന്നതിനായി എന്തെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എന്നത്തേക്ക് സഹായധനം നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>പരിസ്ഥിതി ആഘാതപഠന സമിതി</u>

3110 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി ആഘാതപഠന സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്നാണ് പ്രസ്തുത സമിതി രൂപീകരിച്ചതെന്നും ആരൊക്കെയാണ് ഇതിൽ അംഗങ്ങളെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സമിതി പരിസ്ഥിതി ആഘാതം സംബന്ധിച്ച ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പരിസ്ഥിതി ആഘാത പഠന സമിതി സമർപ്പിച്ച ശുപാർശകളുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>സർക്കാർ ധനസഹായം</u>

3111 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടാകുന്ന വാഹനാപകടങ്ങളിലും ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിലും പ്രകൃതി ദുരന്തങ്ങളിലുംപെട്ട് മരണമടഞ്ഞവർക്കും, പരിക്കേറ്റവർക്കും 2006-മെയ് മുതൽ 2011 മെയ് വരെ ഏതൊക്കെ സംഭവങ്ങളിലായി എത്രപേർക്ക് എത്രരൂപവീതം സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേൽ സൂചിപ്പിച്ച സാഹചര്യങ്ങളിൽ മരണപ്പെടുകയും, പരിക്കേൽക്കുകയും ചെയ്ത എത്രപേർക്ക് ഏതൊക്കെ സംഭവങ്ങളിലായി എത്രരൂപവീതം സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ ഘടന

3112 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
'' കെ.എം. ഷാജി
'' എൻ.എ. നെല്ലിക്കുന്ന്
'' വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ ഇപ്പോഴത്തെ ഘടന വിശദമാക്കുമോ ;

(ബി) സംസ്ഥാന സർക്കാരിന് പ്രസ്തുത സ്ഥാപനത്തിന്മേൽ ഇപ്പോഴുള്ള ബന്ധത്തിന്റെ വിശദവിവരം നല്കുമോ ;

(സി) സ്ഥാപനത്തിന്റെ നയപരമായ കാര്യങ്ങൾ സംസ്ഥാന മുഖ്യമന്ത്രിയുമായി കാലാകാലങ്ങളിൽ ചർച്ച ചെയ്യണമെന്ന് വ്യവസ്ഥയുണ്ടോ ; ചർച്ച ചെയ്യപ്പെടാറുണ്ടോ ;

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ ഡയറക്ടറുടെ നിയമനം, കാലാവധി നീട്ടിനല്കൽ തുടങ്ങിയ കാര്യങ്ങളിൽ ശുപാർശ നല്കാൻ സംസ്ഥാന മുഖ്യമന്ത്രിക്ക് ചുമതലയുണ്ടോ ;

(ഇ) ഇത്തരത്തിൽ ഏതെങ്കിലും ശുപാർശയോ കത്തുകളോ ഇപ്പോഴത്തെ മുഖ്യമന്ത്രിയോ, മുൻ മുഖ്യമന്ത്രിയോ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് അയച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നല്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി</u>

3113 ശ്രീ. മഞ്ഞളാംകുഴി അലി
,, പി.ബി. അബ്ദുൾ റസാക്
,, സി. മമ്മൂട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിക്ക് സംസ്ഥാന വനം വകുപ്പിൽ നിന്നും 2000-2011 കാലയളവിൽ ഗവേഷണപ്രവർത്തനങ്ങൾക്കായി എത്ര പണം ലഭിച്ചിട്ടുണ്ടെന്നതിന്റെ വിശദവിവരം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പണത്തിന്റെ വിനിയോഗവിവരം വിശദമാക്കുമോ;

(സി) എന്തൊക്കെ ഗവേഷണപ്രവർത്തനങ്ങൾ പ്രസ്തുത പണമുപയോഗിച്ച് നടത്തിയിട്ടുണ്ട്; ഏതൊക്കെ ശാസ്ത്രജ്ഞരെയാണ് പ്രസ്തുത ഗവേഷണങ്ങൾക്ക് വിനിയോഗിച്ചത് എന്നതിന്റെ വിശദവിവരം നൽകാമോ;

(ഡി) ഗവേഷണഫലം എന്തായിരുന്നു; എത്ര ഗവേഷണപ്രബന്ധങ്ങൾ ഇതോടനുബന്ധിച്ച് തയ്യാറാക്കിയിട്ടുണ്ട്; ആരൊക്കെയാണ് അവ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്;

(ഇ) ഗവേഷണപ്രവർത്തനത്തിന് ശാസ്ത്രജ്ഞരെ നിയോഗിക്കുന്നതിന്റെയും പണം അനുവദിക്കുന്നതിന്റെയും മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ;

(എഫ്) 2000-2011 കാലഘട്ടത്തിൽ ഗവേഷണഫലങ്ങളെയും കണ്ടെത്തലുകളെയും സംബന്ധിച്ച എത്ര റിപ്പോർട്ടുകൾ സംസ്ഥാന വനം വകുപ്പിന് നൽകിയിട്ടുണ്ട്?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ</u>

3114 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി ചെയർമാൻ സ്ഥാനം വഹിക്കുന്ന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ ;

(ബി) ഓരോ സ്ഥാപനത്തിന്റെയും ബൈലോ പ്രകാരം ഇവയുടെ ഗവേണിംഗ് കൗൺസിലുകൾ/എക്സിക്യൂട്ടീവ് കമ്മിറ്റികൾ എന്നിവ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുവാൻ നിശ്ചയിച്ചിട്ടുള്ള കാലാവധി എത്രയാണ് ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രസതുത കമ്മിറ്റികൾ എത്ര തവണ വീതം യോഗം ചേർന്നുവെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

## പോലീസ് എയ്ഡ് പോസ്റ്റ്

3115 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

യുനെസ്കോ അംഗീകാരത്തിനായി നോമിനേറ്റ് ചെയ്ത ലോക പ്രശസ്തമായ ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിൽ സ്ഥിരമായി ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സബ് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള പരീക്ഷ</u>

3116 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് തസ്തികയിലേക്കുള്ള രണ്ടാംഘട്ട വിവരണാത്മക പരീക്ഷയുടെ സിലബസ് എപ്രകാരമാണ് ;

(ബി) മലയാളം ഒന്നാം ഭാഷയായും ഭരണഭാഷയായും പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പരീക്ഷക്ക് പാർട്ട് ഒന്ന് മലയാളത്തിൽ ഉത്തരമെഴുതാനാവശ്യമായ നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

## പി.എസ്.സി. നടത്തുന്ന ജില്ലാതല നിയമനങ്ങൾ

3117 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തുന്ന ജില്ലാതല നിയമനങ്ങളിൽ അതത് ജില്ലക്കാർക്ക് വെയ്റ്റേജ് മാർക്ക് നൽകുന്ന തീരുമാനം നടപ്പിലായിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ;

(ബി) ജില്ലക്കാർക്ക് നൽകുന്ന വെയ്റ്റേജ് മാർക്ക് അതത് ജില്ലകളിൽ ജനിച്ചുവളർന്ന് 1 മുതൽ 10 വരെ ക്ലാസുകളിൽ ജില്ലയിൽ തന്നെ പഠിച്ചവർക്ക് മാത്രമായി പരിമിതപ്പെടുത്തുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് ലിസ്റ്റ്</u>

3118

ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് ലിസ്റ്റ് നിലവിൽ ഉണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ലിസ്റ്റ് നിലവിൽ വന്നത് എന്ന്;

(സി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും;

(ഡി) സെക്രട്ടേറിയറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട് ആഡിറ്റ്, ഹൈക്കോടതി എന്നിവിടങ്ങളിലെ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ എത്ര ഒഴിവുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ മേൽ നേരിടുന്ന കാലതാമസം</u>

3119 ശ്രീ. എ. എം ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൻ മേൽ സർക്കാർ ഫയലുകളുടെ കോപ്പി നിർദ്ദിഷ്ട സമയത്തിനുള്ളിൽ നൽകാതെ വച്ചു താമസിപ്പിച്ച കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചു ;

(സി) വിവരാവകാശ നിയമപ്രകാരം നിർദ്ദിഷ്ട സമയത്തിനുള്ളിൽ വിവരം നൽകാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എന്ത് ശിക്ഷയാണ് നിഷ്കർഷിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

**കോട്ടയം ജില്ലയിലെ എൽ.ജി.എസ്.റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കാൻ നടപടി**

3120 ശ്രീ.മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2008 ഒക്ടോബർ മാസം 6-ാം തീയതി നിലവിൽ വന്ന കോട്ടയം ജില്ലയിലെ എൽ.ജി.എസ്. റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോ .

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേരെ നിയമിച്ചു ; സംവരണക്രമം കണക്കാക്കി മറുപടി തരാമോ ;

(സി) ഇപ്പോൾ കോട്ടയം ജില്ലയിൽ എൽ.ജി.എസ്.ന്റെ എത്ര വേക്കൻസി നിലനിൽക്കുന്നു എന്ന് വ്യക്തമാക്കാമോ ; ഈ വേക്കൻസികൾ എത്രയും വേഗം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പല വകുപ്പുകളിലുമുള്ള എൻ.ജെ.ഡി.വേക്കൻസികളുടെ കണക്ക് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ ;

(ഇ) എൽ.ജി.എസ്.ന്റെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വകുപ്പു തലവന്മാർക്ക് നിർദ്ദേശം നൽകാമോ ?

**കേരള നിയമസഭ**
**13.10.2011-ലെ മറുപടിക്ക്**

<u>സെക്രട്ടേറിയറ്റിൽ ടൈപ്പിസ്റ്റ് തസ്തിക</u>

3121 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നു മാസക്കാലമായി സെക്രട്ടേറിയറ്റിൽ ടൈപ്പിസ്റ്റുമാരുടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) ടൈപ്പിസ്റ്റ് തസ്തിക ഒഴിഞ്ഞുകിടക്കുന്നതിനാൽ ഉത്തരവുകൾ പുറത്തിറങ്ങുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടൈപ്പിംഗ് തസ്തികയിലേക്ക് പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ഡി) നിലവിലില്ലെങ്കിൽ താത്കാലികമായെങ്കിലും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ ഹാൾടിക്കറ്റ്
വിതരണത്തിലെ അപാകത

3122 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ മാങ്കാംകുഴി ധന്യാഭവനത്തിൽ ധന്യാരാജ് എന്ന ഉദ്യോഗാർത്ഥിക്ക് 3-9-2011-ൽ സംസ്ഥാന എക്സൈസ് വകുപ്പിൽ വനിതാ ഗാർഡായി നിയമനം ലഭിക്കുന്നതിന് കോട്ടയം പൂഞ്ഞാർ സെന്റ് ആന്റണീസ് എച്ച്.എസ്.എസ്. സെന്ററിൽ പരീക്ഷ എഴുതുന്നതിന് ഹാൾടിക്കറ്റ് തെറ്റായി അയച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ തെറ്റായി ഹാൾടിക്കറ്റ് അയയ്ക്കുവാൻ ഉണ്ടായ സാഹചര്യം വിശദമാക്കുമോ ;

(സി) പ്രസ്തുത വീഴ്ച ആരുടെ ഭാഗത്ത് നിന്നാണ് ഉണ്ടായത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

നിയമനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി

3123 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നു മാസക്കാലമായി സെക്രട്ടേറിയറ്റ് അസിസ്റ്റന്റുമാരുടെ എത്ര തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്;

(ബി) ഇത്തരത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്താത്തതിനാൽ ജീവനക്കാരുടെ ജോലിഭാരം വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോഴും നിയമനം കൃത്യമായും വേഗത്തിലും നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

കമ്പ്യൂട്ടർ കോഴ്സുകൾക്ക് പി.എസ്.സി. അംഗീകാരം

3124 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ വിവിധ തസ്തികകളിലേയ്ക്ക് നിയമനത്തിനുള്ള പരീക്ഷായോഗ്യത നിർണ്ണയിക്കാനുള്ള അധികാരം ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിനാണെന്നിരിക്കേ പ്രസ്തുത വകുപ്പിന്റെ ഉത്തരവു പ്രകാരമാണോ റുട്രോണിക്സ് എന്ന സ്വകാര്യ സ്ഥാപനത്തിന്റെ കമ്പ്യൂട്ടർ കോഴ്സുകൾക്ക് പി.എസ്. സി അംഗീകാരം നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തെക്കുറിച്ച് വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് പാറശ്ശാല എം.എൽ.എ മുഖ്യമന്ത്രിയ്ക്ക് നൽകിയ പരാതിയിന്മേൽ (നമ്പർ 483/ഢകജ/ഇങ/2011,29/6/2011) എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>സർക്കാർ മേഖലയിൽ ജോലിചെയ്യുന്ന ജീവനക്കാർ</u>

3125 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിലെ സർക്കാർ മേഖലയിൽ ജോലിചെയ്യുന്ന ജീവനക്കാരുടെയും അധ്യാപകരുടേയും വകുപ്പ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

റാങ്ക് ലിസ്റ്റിന്റെ കാലാവധിയിൽ പരമാവധിപേർക്ക് നിയമനം

3126 ഡോ. എൻ. ജയരാജ്
ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എ.പി. യിലേക്ക് കോൺസ്റ്റബിൾമാരെ തെരഞ്ഞെടുക്കുന്നതിന് തയ്യാറാക്കിയ പി.എസ്.സിയുടെ നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നു വരെയാണ് ;

(ബി) എത്രപേർക്ക് ഈ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ നിയമനം നല്കി ;

(സി) എസ്.എസ്.എൽ.സി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് അവസാന അവസരം നല്കുന്ന റാങ്ക്ലിസ്റ്റിന്റെ കാലാവധിയിൽ പരമാവധി പേർക്ക് നിയമനം നല്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷാ യോഗ്യത</u>

3127 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് കെ.പി.എസ്.സി അസിസ്റ്റന്റ് ഗ്രേഡ് -2 തസ്തികയ്ക്ക് കമ്പ്യൂട്ടർ ഡിപ്ലോമ കൂടി യോഗ്യതയിൽ ചേർത്തത് ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ;

(ബി) 2 ലക്ഷത്തിലധികം അപേക്ഷകരുള്ള പ്രസ്തുത തസ്തികയിൽ 1500 ൽ താഴെ പേർക്കാണ് നിയമനം ലഭിക്കാറ് എന്ന വസ്തുത ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഓരോ ഉദ്യോഗാർത്ഥിയും 6000 മുതൽ 10000 രൂപ വരെ ചെലവിട്ട് നിർബന്ധമായി പ്രസ്തുത കമ്പ്യൂട്ടർ ഡിപ്ലോമ നേടുന്നതിന്റെ ബുദ്ധിമുട്ട് മനസ്സിലാക്കുന്നുണ്ടോ;

(ഡി) എങ്കിൽ ജോലി ലഭിച്ച് 6 മാസത്തിനകമോ ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപോ പ്രസ്തുത യോഗ്യത നേടിയാൽ മതിയെന്ന് നിയമം കൊണ്ടുവന്ന് തൊഴിൽരഹിതരെ സഹായിക്കാൻ കഴിയുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

ഫയർമാൻ പി.എസ്.സി. വിജ്ഞാപനം

3128 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടപടിക്രമങ്ങളിലെ താമസം കാരണം സംസ്ഥാനത്ത് അഗ്നിശമന സേനയിൽ പകുതിയിലേറെ ഫയർമാൻ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം ഇതിനകം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആൾക്ഷാമം സേനയുടെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഫയർമാൻ തെരഞ്ഞെടുപ്പിനു പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചത് എന്നായിരുന്നു ;

(ഡി) എത്ര പേർ അപേക്ഷിച്ചിരുന്നു ; എന്നായിരുന്നു പരീക്ഷ നടത്തിയത് ;

(ഇ) മുവായിരത്തോളം പേരെ ഉൾപ്പെടുത്തി കഴിഞ്ഞ ഫെബ്രുവരി 28ന് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടും ഇനിയും കായിക ക്ഷമത പരീക്ഷയും അളവെടുപ്പും നടത്താത്ത സഹാചര്യം പരിശോധിക്കുമോ ; നടപടിക്രമങ്ങൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>വ്യാജ ജാതി സർട്ടിഫിക്കറ്റ്</u>

3129 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കി ജോലിയിൽ പ്രവേശിച്ച എത്ര പേർക്കെതിരെ നിലവിൽ നടപടികൾ നടന്നുവരുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇപ്രകാരമുള്ള കേസ്സുകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

റിക്കോർഡ്സ് ആന്റ് സർട്ടിഫിക്കറ്റ് കീപ്പർ

3130 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോടതികളിൽ വിചാരണക്കെത്തുന്ന കേസ്സുകളിലെ തൊണ്ടിസാധനങ്ങളും അവയുടെ പരിശോധനാരേഖകളും സൂക്ഷിക്കുന്നതിനുവേണ്ടി ആഭ്യന്തര വകുപ്പിൽ കെമിക്കൽ എക്സാമിനേഴ്സ് വിഭാഗത്തിൽ റിക്കോർഡ്സ് ആന്റ് സർട്ടിഫിക്കറ്റ് കീപ്പർ തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് എപ്പോൾ നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കാമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>ആശ്രിത നിയമനങ്ങളിലെ കാലതാമസം</u>

3131 ശ്രീ. കെ.എന്‍.എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആശ്രിതര്‍ക്ക് ജോലി നല്‍കുന്ന പദ്ധതിയില്‍ എത്ര വര്‍ഷത്തെ അപേക്ഷകള്‍ കെട്ടികിടക്കുന്നുണ്ട് ; വിശദാംശം നല്‍കുമോ ;

(ബി) ആയത് അതിവേഗം തീര്‍പ്പാക്കുവാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തികയിലെ
പി.എസ്.സി. റാങ്ക് ലിസ്റ്റ്

3132 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 17.12.2009, 08.10.2010 തീയതികളിൽ അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തിക നിയമനത്തിലേയ്ക്ക് പി.എസ്.സി. നടത്തിയ എഴുത്ത് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ പ്രസ്തുത ഫലം എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു?

**കേരള നിയമസഭ**
**13.10.2011-ലെ മറുപടിക്ക്**

<u>പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷാ പരിഷ്ക്കരണം</u>

3133 ശ്രീ. റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്
'' തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷാ പരിഷ്ക്കരണത്തിന്റെ പേരിൽ എടുക്കുന്ന പല തീരുമാനങ്ങളും സാധാരണക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് തിരുത്തിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>പി. എസ്. സി. മത്സരപരീക്ഷകളുടെ നിലവാരം ഉയർത്തുന്നതിന് നടപടി</u>

3134 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തുടങ്ങിയ തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത ഉയർത്തിയിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ യോഗ്യത പെട്ടെന്ന് ഉയർത്തിയതിനെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) നിലവിലെ വിദ്യാഭ്യാസ യോഗ്യത ഉയർത്തുന്നതിനു പകരം പി. എസ്. സി. മത്സരപരീക്ഷകൾ കാലോചിതമായി പരിഷ്ക്കരിക്കുകയും ക്വസ്റ്റ്യൻ ബാങ്ക് നിർമ്മിച്ച് പരീക്ഷകളുടെ നിലവാരം ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് പോലും മാർക്ക് നിബന്ധന ഇല്ലാത്തപ്പോൾ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷയ്ക്ക് അപേക്ഷിക്കുവാൻ മാർക്ക് നിബന്ധന ഏർപ്പെടുത്തിയത് പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ കാലാവധി നീട്ടിയതു സംബന്ധിച്ച്

3135 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ കാലാവധി നീട്ടിയതിന് ശേഷം പ്രസ്തുത ലിസ്റ്റുകളിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകി ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്ക് ഭവനധനസഹായം</u>

3136 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശത്തെ നിർദ്ധനരായ മൽസ്യത്തൊഴിലാളികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/മറ്റു വകുപ്പുകൾ എന്നിവിടങ്ങളിൽ നിന്നുള്ള ഭവന ധനസഹായം ഉപയോഗിച്ച് വീട് വെയ്ക്കുവാൻ സി. ആർ. ഇ സഡ് നിയമം മൂലം കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിന് വീട് പൊളിച്ച് പുനർനിർമ്മിക്കുന്നതിനും, പുതിയ വീട് വയ്ക്കുന്നതിനും സി. ആർ. ഇ സഡ് നിയമത്തിൽ ഇളവ് അനുവദിക്കാൻ കഴിയുമോ;

(സി) എങ്കിൽ എന്ന് നടപ്പാക്കാനാകും?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ശുദ്ധജല മത്സ്യങ്ങളുടെ സംരക്ഷണം</u>

3137 ശ്രീ. വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല മത്സ്യങ്ങളിൽ പലതും വംശനാശ ഭീഷണി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച എന്തെങ്കിലും പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(സി) വംശനാശ ഭീഷണി നേരിടുന്ന ശുദ്ധജല മത്സ്യങ്ങളുടെ വളർച്ചയ്ക്കും പോഷണത്തിനും സംരക്ഷണത്തിനുമായി സ്വീകരിക്കുന്ന നടപടി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 13.10.2011–ലെ മറുപടിക്ക്

'ആഫ്രിക്കൻ ഒച്ചുകൾ'

3138 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഫ്രിക്കൻ ഒച്ചുകൾ സംസ്ഥാനത്ത് പലയിടത്തും പ്രത്യക്ഷപ്പെട്ടതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത് സംസ്ഥാനത്ത് എത്താനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇതിൽ എന്തെങ്കിലും ദുരൂഹതയുള്ളതായി റിപ്പോർട്ടുകൾ വന്നിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധമായി അന്വേഷണം നടത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

□ആഫ്രിക്കൻ ഒച്ചിന്റെ വ്യാപനം□

3139 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പത്തു ജില്ലകളിൽ പലയിടങ്ങളിലായി □ആഫ്രിക്കൻ ഒച്ചിനെ□ കാണുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൻകെട്ടിടങ്ങളും വടവൃക്ഷങ്ങളും തകർക്കാൻ കഴിയുന്ന മാരകശേഷിയുള്ള ഈ □ഒച്ചു□ കളുടെ വ്യാപനം അത്യന്തം ആപൽക്കരമാണെന്നത് മനസ്സിലാക്കിയിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് ആധികാരിക പഠനം നടത്തുന്നതിന് തയ്യാറാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും സ്വതന്ത്ര ഏജൻസി ഇതുസംബന്ധമായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അവരുടെ റിപ്പോർട്ട് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക</u>

3140 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് മുഖേന ഏതെല്ലാം സ്കീമുകളിൽ ധനസഹായം നൽകുന്നുണ്ട്;

(സി) ഇത്തരം ധനസഹായം വിതരണം ചെയ്യുന്നതിൽ വൈപ്പിൻ മണ്ഡലത്തിൽ എത്ര മാസത്തെ കുടിശ്ശികയുണ്ട്;

(ഡി) ഏതെല്ലാം സ്കീമുകളിൽ എത്ര മാസത്തെ സഹായം നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>മറൈൻ എൻഫോഴ്സ്മെന്റ് സംവിധാനം</u>

3141 ശ്രീ. എസ്.ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഫിഷറീസ് വകുപ്പിന്റെ കീഴിൽ മറൈൻ എൻഫോഴ്സ്മെന്റ് സംവിധാനം നടപ്പാക്കിയത് ഏത് വർഷം മുതൽക്കാണ് എന്ന് വ്യക്തമാക്കാമോ; എന്തായിരുന്നു ഇതിനുള്ള മാനദണ്ഡം; മറൈൻ എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ ജീവിതസാഹചര്യം</u>
<u>മെച്ചപ്പെടുത്തുവാൻ കർമ്മ പരിപാടി</u>

3142 ശ്രീ. ജോസഫ് വാഴക്കൻ
'' ഷാഫി പറമ്പിൽ
'' സണ്ണി ജോസഫ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുവാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ഗവൺമെന്റ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ;

(ബി) കർമ്മ പരിപാടി നടപ്പിലാക്കുമ്പോൾ ഇവരുടെ വരുമാനം ഉറപ്പുവരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

ഫിഷിംഗ് ഹാർബറിലെ ഗ്രൗണ്ട്, പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി

3143 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ബേപ്പൂർ ഫിഷിംഗ് ഹാർബറിലെ രണ്ടാമത്തെ ഷെഡ്ഡിനോടനുബന്ധിച്ച ഗ്രൗണ്ട്, പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ ക്വാട്ട വർദ്ധിപ്പിക്കാൻ നടപടി</u>

3144 ശ്രീ. കെ. വി. അബദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യ തൊഴിലാളികൾക്ക് ഈ സർക്കാർ അധികാരമേറ്റ ശേഷം നൽകുന്ന മണ്ണെണ്ണക്വാട്ട വർദ്ധിപ്പിച്ചിട്ടുണ്ടോ? എങ്കിൽ ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നതു എത്ര ലിറ്റർ വച്ചെന്ന് വ്യക്തമാക്കാമോ?

(ബി) മത്സ്യ തൊഴിലാളികൾക്ക് സമാശ്വാസ പദ്ധതിയിൽ ബി.പിഎൽ, എ.പി.എൽ. വിവേചനം അംഗീകരിക്കുന്നുണ്ടോ? ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

ഡിസ്ട്രിക്റ്റ് പ്ലാൻ ഫിഷ്ബുക്ക്

3145

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥന്മാർ വഴി ഓരോ പഞ്ചായത്തിലെയും ജലാശയങ്ങളിലെ മത്സ്യവിഭവങ്ങളെ കുറിച്ചുള്ള സ്ഥിതിവിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിവരങ്ങൾ ഡിസ്ട്രിക്റ്റ് പ്ലാൻ ഫിഷ്ബുക്ക് എന്ന ഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>തോട്ടപ്പള്ളി ഫിഷറീസ് ഹാർബർ</u>

3146 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി ഫിഷറീസ് ഹാർബറിൽ തീരസുരക്ഷയുടെ ഭാഗമായി എടുത്തിട്ടുള്ള ബോട്ട് ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എത്ര രൂപ മുതൽമുടക്കി എന്ത് ഉപയോഗത്തിനാണ് പ്രസ്തുത ബോട്ട് വാങ്ങിയത്; ആരുടെ മേൽനോട്ടമാണ് ടി ബോട്ടിനുള്ളത്;

(സി) തോട്ടപ്പള്ളി ഫിഷറീസ് ഹാർബറിൽ കൃത്യമായി ഡ്രഡ്ജിംഗ് നടത്തുവാൻ നടപടി സ്വീകരിക്കുമോ; ഹാർബർ വിപുലീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

ഉദുമയിൽ ഫിഷറീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി

3147 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തെ ബജറ്റിൽ കാസർഗോഡ് ജില്ലയിലെ ഉദുമയിൽ ഫിഷറീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) ഉദുമ നിയോജകമണ്ഡലത്തിലെ പള്ളിക്കര വളവ് കടപ്പുറത്ത് മേൽ ഫിഷറീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന സ്ഥലം എം. എൽ. എ.യുടെ ഹർജിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 13.10.2011–ലെ മറുപടിക്ക്

<u>മുക്കട-പള്ളികടവ് ഫിഷറീസ് റോഡിന്റെ നിർമ്മാണം</u>

3148 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ളി നിയോജക മണ്ഡലത്തിൽ തീരസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി മുക്കട-പള്ളികടവ് ഫിഷറീസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ വേഗത വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

പുന്നപ്ര ഫിഷ്‌ലാന്റിംഗ് സെന്റർ

3149 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ പുന്നപ്ര ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം ആരാണ് നടത്തുന്നത് ;

(ബി) ഇവിടുത്തെ മുറികൾ വാടകയ്ക്കു നൽകാറുണ്ടോ ; എങ്കിൽ വാടക എത്ര എന്നും വാടക പിരിക്കുന്നത് ആരാണ് എന്നും വ്യക്തമാക്കുമോ ;

(സി) ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ നടത്തിപ്പ് ലേലം ചെയ്ത് ആർക്കെങ്കിലും നൽകിയിട്ടുണ്ടോ ; എങ്കിൽ 2011-12 വർഷത്തിൽ ആരാണ് ലേലം പിടിച്ചിരിക്കുന്നത് ; എത്ര തുകയ്ക്കാണ് ലേലം ഉറപ്പിച്ചിട്ടുള്ളത് ; ലേല നടപടികൾ എങ്ങനെയെന്ന് വിശദീകരിക്കുമോ ;

(ഡി) ഫിഷ്‌ലാന്റിംഗ് സെന്ററിലെത്തുന്ന വാഹനങ്ങൾക്ക് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഫീസ് ഇനംതിരിച്ച് വ്യക്തമാക്കുമോ ;

(ഇ) ഇവിടുത്തെ കാന്റീനും ഹാളും നശിച്ചുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാന്റീൻ കെട്ടിടം പുനരുദ്ധരിച്ച് ക്യാന്റീൻ തുടങ്ങാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ഏതെങ്കിലും ഉദ്യോഗസ്ഥന് ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ ചുമതല നൽകിയിട്ടുണ്ടോ ; ആരാണ് ആ ഉദ്യോഗസ്ഥൻ ; പ്രസ്തുത ഉദ്യോഗസ്ഥന്റെ ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>മറൈൻ എൻഫോഴ്സ്മെന്റ്</u>

3150 ശ്രീ. വി. എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം നിർത്തലാക്കിക്കൊണ്ടുള്ള ഉത്തരവ് പിൻവലിച്ച് പ്രസ്തുത വിഭാഗത്തെ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിനും രക്ഷപ്പെടുത്തുന്നതിനും കടൽ സുരക്ഷ സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ</u>

3151 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനായി സംസ്ഥാന ബഡ്ജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്;

(ബി) മുൻ സർക്കാരിന്റെ കാലത്ത് കമ്മീഷന്റെ ശുപാർശപ്രകാരം ആദ്യഘട്ടമായി അനുവദിച്ച 100 കോടി രൂപ ഫിഷറീസ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് അനുവദിച്ചത് തടഞ്ഞിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) തീരപ്രദേശത്തുള്ള 20 ഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി 13-ാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ 400 കോടി രൂപയുടെ പദ്ധതിക്ക് കമ്മീഷൻ നൽകിയിരുന്ന ശുപാർശ സർക്കാർ നിറുത്തലാക്കിയതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ചെറായി-ചാത്തനാട് ഫിഷ്ബൗണ്ട് റോഡിൽ പാലങ്ങൾ</u>

3152 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിലെ ആർ.കെ.വി.വൈ പദ്ധതിയിലുൾപ്പെട്ട ചെറായി-ചാത്തനാട് ഫിഷ്ബൗണ്ട് റോഡിൽ നിർമ്മിക്കേണ്ടതായ രണ്ട് പാലങ്ങളുടേയും, പത്ത് കൽവർട്ടുകളുടേയും നിർമ്മാണം പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാവും എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>അന്ധകാരനഴി വടക്കേ പാലം</u>

3153 ശ്രീ. എ. എം. ആരീഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്ധകാരനഴി വടക്കേ പാലത്തിന്റെ നിർമ്മാണത്തിനായി ഹാർബർ എൻജിനീയറിംഗ് വകുപ്പ് മുഖേന ആറര കോടി രൂപയുടെ എസ്റ്റിമേറ്റിൽ നിർമ്മിക്കുന്ന പാലത്തിന് ഈ വർഷം ബന്ധപ്പെട്ട ബഡ്ജറ്റ് ഹെഡിൽ തുക ഒന്നും വകയിരുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പാലത്തിന്റെ നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പാലം നിർമ്മിക്കുന്നതിനാവശ്യമായ തുക അടിയന്തിരമായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

അര്‍ത്തുങ്കല്‍ ഫിഷിംഗ് ഹാര്‍ബര്‍

3154 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അര്‍ത്തുങ്കല്‍ ഫിഷിംഗ് ഹാര്‍ബറിന്റെ നിര്‍മ്മാണ പുരോഗതി ഏതു ഘട്ടം വരെയായി എന്നു പറയുമോ ;

(ബി) ഹാര്‍ബറിന്റെ അടുത്ത ഘട്ടം നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ എന്ന് ആരംഭിക്കുമെന്ന് പറയുമോ ;

(സി) കേന്ദ്ര സര്‍ക്കാര്‍ ഇതിന്റെ നിര്‍മ്മാണത്തിന് നല്‍കേണ്ട വിഹിതം നല്‍കിയിട്ടുണ്ടോ ;

(ഡി) നിലവില്‍ ഇതിന്റെ നിര്‍മ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങള്‍ ഉണ്ടായിട്ടുണ്ടോ എന്നു വിശദമാക്കുമോ ?